# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## മേലുകാവ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2024-2025**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കോട്ടയം-686001**

**ഇ-മെയിൽ: doktm.ksad@kerala.gov.in**
**ഫോൺ : 0481-2564886**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.ടി.എം. പി14-1523/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയതി: 24/10/2025
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മേലുകാവ് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മേലുകാവ് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മേലുകാവ് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.ടി.എം. പി14-1523/25 തീയ്യതി: 24/10/2025

## കോട്ടയം ജില്ലയിലെ മേലുകാവ് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മേലുകാവ് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-08-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സുരേഷ് എസ് | ഡെപ്യൂട്ടി ഡയറക്ടർ | 21-08-2025 | 30-08-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-08-2025 | 30-08-2025 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ സജി പി ആർ,ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)
ശ്രീ ജോഷി തോമസ്,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ഷിബു റ്റി , ഓഡിറ്റർ
ശ്രീ ജയന്ത് ഹരി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ബിജു സോമൻ | പ്രസിഡന്റ് | 01-04-2024 | 25-09-2024 |
| ശ്രീ ജോസുകുട്ടി ജോസഫ് | പ്രസിഡന്റ് | 26-09-2024 | 31-03-2025 |
| ശ്രീ. അനുസചേതനൻ വി എസ് | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ജോൺ രാഹുൽ ജോസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ശ്രീ. ജീസ് ലൂക്കോസ് | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ. സജനി കെ ജോസഫ് | വെറ്റിനറി സർജൻ | 01-04-2024 | 31-03-2025 |
| ഡോ. മുഹമ്മദ് ജിജി റ്റി എം | മെഡിക്കൽ ഓഫീസർ, സി എച്ച് സി | 01-04-2024 | 31-03-2025 |
| ഡോ. അശ്വതി ചന്ദ്രൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2024 | 07-12-2024 |
| ഡോ. സാജു സാം | മെഡിക്കൽ ഓഫീസർ, ഹോമിയോ | 08-12-2024 | 31-03-2025 |

| | | | |
|---|---|---|---|
| ശ്രീമതി. ഓമന എം ഡി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2024 | 30-04-2024 |
| ശ്രീമതി സരള എൽ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-05-2024 | 31-03-2025 |
| ശ്രീ. റൊണാൾഡ് വിൽസൺ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ശ്രീമതി. അനീസ എം | ഹെഡ്മിസ്ട്രസ്,പഞ്ചായത്ത് എൽ പി എസ് കോണിപ്പാട് | 01-04-2024 | 31-03-2025 |
| ശ്രീ. മുഹമ്മദ് ജലാലുദ്ദീൻ കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 (മേലുകാവ്) | 01-04-2024 | 31-03-2025 |
| ശ്രീമതി. ദീപ സാം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2 (മേലുകാവ് മറ്റം) | 01-04-2024 | 31-03-2025 |
| ശ്രീ. സനിത് കുമാർ എൻ.ടി. | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2024 | 31-03-2025 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | പഞ്ചായത്ത് ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല | 1-1-1 |
| 3 | മൂലധന നിക്ഷേപത്തിന്റെ മുന്നിരിപ്പ് വിശദാംശം ലഭ്യമല്ല | 1-1-2 |
| 4 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല | 1-1-3 |
| 5 | Roads & Bridges ആസ്തികളുടെ സഞ്ചിത മൂല്യശോഷണം ആസ്തിമൂല്യത്തിൽ അധികരിച്ചു | 1-1-4 |
| 6 | വിവിധ വരവിനങ്ങളുടെ രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ് കളക്ഷൻ ബാലൻസ് വിവരങ്ങൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | Prior Period Expenditure , Prior Period Income തുകകളുടെ ക്രമീകരണം സംബന്ധിച്ച നോട്ട്സ് ഓൺ അക്കൗണ്ട് ലഭ്യമാക്കിയില്ല. | 1-1-6 |
| 8 | വാർഷിക കണക്ക് പ്രകാരമുള്ള ധനകാര്യകമ്മീഷൻ ഗ്രാന്റ് വിവരങ്ങൾ ബി 4 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | Advance Register ൽ കൃത്യമായ രേഖപ്പെടുത്തലുകളില്ല | 1-1-8 |
| 10 | ഡെപ്പോസിറ്റ് രജിസ്റ്ററിലെ തുകകൾ വാർഷിക കണക്കുമായി വ്യത്യാസപ്പെട്ടിരിക്കുന്നു | 1-1-9 |
| 11 | Investment തുകകളുടെ വിശദാംശങ്ങൾ ലഭ്യമായില്ല | 1-1-10 |
| 12 | വാർഷിക ധനകാര്യ പത്രിക ട്രയൽ ബാലൻസിൽ മുൻവർഷ ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പുകൾ മുന്നിരിപ്പായി രേഖപ്പെടുത്തലില്ല. | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | സാമ്പത്തിക വിശകലനം | 1-3 |
| 15 | ഗ്രാന്റ് വിനിയോഗം | 1-4 |
| 16 | പദ്ധതിഅവലോകനം. | 1-5 |
| 17 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി | 1-6 |
| 18 | സാമൂഹ്യക്ഷേമ പദ്ധതികൾ | 1-7 |
| 19 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 20 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 21 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 22 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് വ്യത്യസ്ത നമ്പറുകൾ നൽകി നികുതി നിർണ്ണയിച്ചു | 1-11 |
| 23 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം - കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു | 1-12 |
| 24 | ഒരേ റോഡ് തന്നെ വ്യത്യസ്ത തരംതിരിവുകളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു | 1-13 |
| 25 | സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖലയുടെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നു | 1-14 |
| 26 | പരിഷ്കരിച്ച നിരക്കിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല. | 1-15 |
| 27 | തൊഴിൽ നികുതി - റിട്ടേണുകളിൽ അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്തിയിട്ടില്ല | 1-16 |
| 28 | കരാറുകാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല. | 1-17 |
| 29 | ലൈസൻസ് ഇല്ലാതെ റിസോർട്ടുകൾ പ്രവർത്തിക്കുന്നു. | 1-18 |
| 30 | അപകടകരമായി നിന്നിരുന്ന മരം മുറിച്ചതിന്റെ ചെലവ് ഈടാക്കിയില്ല | 1-19 |
| 31 | ഇലക്ട്രിക്കൽ ലൈൻ മാറ്റി സ്ഥാപിക്കൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 1-20 |
| 32 | നിർവ്വഹണ ഏജൻസികളിൽ നിലനിൽക്കുന്ന 23.57 ലക്ഷം രൂപയുടെ നിക്ഷേപ പ്രവൃത്തികൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു. | 1-21 |
| 33 | റോഡിതര മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ആവർത്തനചെലവുകൾ- നടപടി സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധം | 1-22 |
| 34 | ആശ്രയഫണ്ട് ചലഞ്ച് ഫണ്ടായി 13.66 ലക്ഷം രൂപ നിലനിൽക്കെ ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ചു. | 1-23 |
| 35 | ഹരിത കർമ്മ സേന -സെഗ്രിഗേറ്റഡ് വേസ്റ്റിന് വരുമാനം ലഭിക്കുന്നില്ല | 1-24 |
| 36 | അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഇൻഷ്വറൻസ് രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. | 1-25 |
| 37 | ടേക്ക് എ ബ്രേക്ക് നിർമ്മാണം- ആരംഭിച്ചിട്ടില്ല | 1-26 |
| 38 | വിവിധ വാർഡുകളിൽ കുടിവെള്ള പദ്ധതി- മോട്ടർ സ്ഥാപിക്കൽ- പഴയ മോട്ടറിന്റെ മൂല്യം നിർണ്ണയിച്ച് സർവ്വേറിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. | 1-27 |
| 39 | റോഡ് ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. | 1-28 |
| 40 | റോഡ് ടാറിംഗ് പ്രവത്തികളുടെ ബില്ലിൽ നിന്നും കാലി ബാരൽ വില കുറവ് ചെയ്ത് തനത് ഫണ്ട് അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്തത്- വിശദാംശങ്ങൾ ലഭ്യമല്ല. | 1-29 |
| 41 | പ്രോജക്ട് വിശദാംശങ്ങൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. | 1-30 |
| 42 | ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കിയില്ല | 1-31 |
| 43 | ഹോമിയോ മരുന്നുകൾ ഡിസ്പൻസറിക്ക് ലഭ്യമായിട്ടില്ല | 1-32 |

| | | |
|---|---|---|
| 44 | ആരോഗ്യമേഖലാ ഗ്രാന്റ് - അവലോകനം | 1-33 |
| 45 | ജൽജീവൻ പദ്ധതി - അവലോകനം | 1-34 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | മെഡിസെപ് -പ്രീമിയം ഒടുക്ക് വിവരങ്ങൾ | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-2 |
| 3 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് | 4-5 |
| 6 | വായ്പ/ വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-9 |
| 10 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. **മേലുകാവ് ഗ്രാമപഞ്ചായത്തിന്റെ** 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 07.07.2025 ലെ 3(1) നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 17.07.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാനുവൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മേലുകാവ് ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31/03/2025-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31/03/2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

**തീയതി: 24-10-2025** **ഡെപ്യൂട്ടി ഡയറക്ടർ**

### 1-1-1 പഞ്ചായത്ത് ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല

31-03-2025 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ട് മൂല്യത്തിന്റെ (-18391348/-) ആധികാരികത അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം അക്രുവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി അക്കൗണ്ടിങ്ങ് ആരംഭിച്ച 01-04-2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് മൂല്യം 1610461/- രൂപയായി നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖയായ Opening Balance Receipt Payment (OBRP) വിവരം സൂക്ഷിച്ചിട്ടില്ല. മേൽ ചട്ടങ്ങളിലെ ചട്ടം-78 പ്രകാരം 31-03-2025 വരെ Excess Of Income Over Expenditure കണക്കാക്കിയ ആധികാരിക രേഖകളും ലഭ്യമല്ല.

### 1-1-2 മൂലധന നിക്ഷേപത്തിന്റെ മുന്നിരിപ്പ് വിശദാംശം ലഭ്യമല്ല

മൂലധന വിഹിതം (Capital Contribution) മൂല്യത്തിന്റെ 01-04-2024 ലെ മുന്നിരിപ്പിന്റെ വിശദാംശം ഫണ്ട് അടിസ്ഥാനത്തിലും സാമ്പത്തിക വർഷം അടിസ്ഥാനത്തിലും ഡേറ്റ ലഭ്യമല്ല. മൂലധന വിഹിതം മുന്നിരിപ്പ് വിശദാംശം ഓരോ ഫണ്ടുകളുടെയും വേർതിരിച്ച് വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല.

### 1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

26-07-2011 ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. 01-04-2024 ൽ മുന്നിരിപ്പായുള്ള പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് നിലവിലില്ല എന്നതിനാൽ വിവിധ മേഖലകളിലായുള്ള 31-03-2025 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള 6.72 കോടി മൂല്യമുള്ള സുസ്ഥിര ആസ്തികളുടെ ആധികാരികതയും കൃത്യതയും വ്യക്തമല്ല.

### 1-1-4 Roads & Bridges ആസ്തികളുടെ സഞ്ചിത മൂല്യശോഷണം ആസ്തിമൂല്യത്തിൽ അധികരിച്ചു

അക്കൗണ്ടിങ്ങ് അപാകതകൾ മൂലം Roads & Bridges, Vehicles ഇനത്തിലുള്ള ആസ്തികളുടെ മൂല്യശോഷണം 31-03-2025 ൽ ആസ്തിയിൽ അധികരിച്ചു. Roads & Bridges 31-03-2025 ലെ 58.95 ലക്ഷം രൂപ ആസ്തിമൂല്യത്തിന് സഞ്ചിത മൂല്യശോഷണം അധികരിച്ച് 85.05 ലക്ഷത്തിൽ എത്തിയിരിക്കുന്നു.

### 1-1-5 വിവിധ വരവിനങ്ങളുടെ രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ് കളക്ഷൻ ബാലൻസ് വിവരങ്ങൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല

വിവിധ വരവിനങ്ങളുടെ (തൊഴിൽ നികുതി Institution, Traders) ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ രജിസ്റ്ററുകളും വാർഷിക ധനകാര്യപത്രികയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

### 1-1-6 Prior Period Expenditure , Prior Period Income തുകകളുടെ ക്രമീകരണം സംബന്ധിച്ച നോട്ട്സ് ഓൺ അക്കൗണ്ട് ലഭ്യമാക്കിയില്ല.

I-18, I-19 Prior Period Expenditure , Prior Period Income തുകകളുടെ ക്രമീകരണം സംബന്ധിച്ച വിശദമായ നോട്ട്സ് ഓൺ അക്കൗണ്ട് ലഭ്യമാക്കിയില്ല.

### 1-1-7 വാർഷിക കണക്ക് പ്രകാരമുള്ള ധനകാര്യകമ്മീഷൻ ഗ്രാന്റ് വിവരങ്ങൾ ബി 4 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല

ധനകാര്യകമ്മീഷൻ തുകയുടെ തൻവർഷ നീക്കിയിരിപ്പ് വാർഷിക ധനകാര്യപത്രിക B4 പ്രകാരം 2595232 ഉം B 17 ൽ ബാങ്ക് പാസ് ബുക്ക് പ്രകാരം 2713048 ഉം ആണ്. 117816 തുകയിൽ 75174 രൂപ റിക്കവറി ഇനത്തിൽ അക്കൗണ്ട് മാറി തനത് ഫണ്ടിൽ നിന്നും അടവാക്കിയതാണെന്നും നിലവിൽ സിഎഫ് സി അക്കൗണ്ടിൽ നിന്നും തനത് ഫണ്ട് അക്കൗണ്ടിലേക്ക് തുക മാറ്റിയിട്ടിട്ടുണ്ടെന്നും അവശേഷിക്കുന്ന 42642 രൂപയുടെ വ്യത്യാസം പരിശോധിച്ച് കൃത്യമാക്കുന്നതാണെന്നും മറുപടി ലഭിച്ചു.

### 1-1-8 Advance Register ൽ കൃത്യമായ രേഖപ്പെടുത്തലുകളില്ല

Advance To Implementng Officers ശീർഷകത്തിലെ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുന്നിരിപ്പ് തുകയുടെ വിശദാംശങ്ങൾ ഏതിനത്തിലുള്ള മുൻകൂറാണ് എന്ന് Advance Register ൽ ചേർത്തിട്ടില്ല. Advance Register ലെ കണക്കുകൾ സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല.

### 1-1-9 ഡെപ്പോസിറ്റ് രജിസ്റ്ററിലെ തുകകൾ വാർഷിക കണക്കുമായി വ്യത്യാസപ്പെട്ടിരിക്കുന്നു

വിവിധ ഡെപ്പോസിറ്റുകളിലെ തുകകൾ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടുള്ളതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വാർഷിക ധനകാര്യപത്രികയിൽ ആവശ്യമായ ക്രമീകരണം ചെയ്തിട്ടില്ല. അപാകത പരിഹരിക്കുന്നതാണെന്ന് മറുപടി ലഭിച്ചു.

### 1-1-10 Investment തുകകളുടെ വിശദാംശങ്ങൾ ലഭ്യമായില്ല

ബാലൻസ് ഷീറ്റ് B12 ൽ Investment-State Government Securities എന്ന ഇനത്തിൽ 6000 രൂപ ഉണ്ടെങ്കിലും വിശദാംശങ്ങൾ ലഭ്യമായില്ല.

### 1-1-11 വാർഷിക ധനകാര്യ പത്രിക ട്രയൽ ബാലൻസിൽ മുൻവർഷ ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പുകൾ മുന്നിരിപ്പായി രേഖപ്പെടുത്തലില്ല.

വാർഷിക ധനകാര്യ പത്രിക ട്രയൽ ബാലൻസിൽ മുൻവർഷ ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പുകൾ മുന്നിരിപ്പായി രേഖപ്പെടുത്തലില്ല. (നീക്കിയിരിപ്പിൽ വ്യത്യാസമില്ല)

## 1-2 ബജറ്റ്

2024-25 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 07.02.2024 ലെ 1-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. പഞ്ചായത്ത് ഭരണസമിതിയുടെ 11.03.2025 ലെ 1-ാം നം. തീരുമാന പ്രകാരം ബജറ്റ് പുതുക്കി അംഗീകരിച്ചിട്ടുണ്ട്. സാമ്പത്തിക വർഷാരംഭത്തിൽ അംഗീകരിച്ച ബജറ്റു പ്രകാരമുള്ളതും പുതുക്കിയ ബജറ്റ് പ്രകാരമുള്ളതുമായ വരവ്-ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | |
|---|---|---|
| | ആദ്യത്തേത് | പുതുക്കിയത് |
| മുന്നിരിപ്പ് | 1964935.00 | 1964935 |
| വരവ് | 105446000.00 | 148342740.00 |
| ആകെ | 107410935.00 | 150307675.70 |
| ചെലവ് | 105813417.00 | 146988644.00 |
| നീക്കിയിരിപ്പ് | 1597518.00 | 3319031 |

## 1-3 സാമ്പത്തിക വിശകലനം

ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ റസീപ്റ്റ് & പേമെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്/ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവയും ചുവടെ ചേർക്കുന്നു.

**റസീപ്റ്റ് & പേമെന്റ് പത്രിക പ്രകാരം**

| | |
|---|---|
| മുന്നിരിപ്പ് | 9,154,257.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 36652854.00 |
| ആകെ | 45,807,111.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 34313891.00 |
| നീക്കിയിരിപ്പ് | 11,493,220.00 |

**ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരുമാനം (Income) | 80,906,058.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് (Expenditure) | 80,501,528.00 |
| പ്രവർത്തന ലാഭം (Gross Surplus) | 404,530.00 |
| ആകെ മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം | 168,098.00 |
| അറ്റ പ്രവർത്തന ലാഭം (Net Surplus) | 572,628.00 |
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർച്ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 25335 |

**1-4 ഗ്രാന്റ് വിനിയോഗം**

| ഫണ്ടിനം | മുൻബാക്കി | ബജറ്റ് വിഹിതം | ആകെ | ചെലവ് | സഞ്ചിതനിധിയിലേക്ക് തിരികെ ഈടാക്കിയത് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 10187000 | 10187000 | 10176799 | 10201 | 99.90 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1417000 | 1417000 | 594722 | 822278 | 41.97 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 3832000 | 3832000 | 3824600 | 7400 | 99.80 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 11155000 | 11155000 | 7436000 | 3719000 | 66.66 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2993000 | 2993000 | 2127052 | 865948 | 71.06 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Untied ) | 1026670 | 1837263 | 2863933 | 1836380 | 1027553 | 64.12 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Tied ) | -98767 | 4770745 | 4671978 | 2865306 | 1806672 | 61.32 |
| എം. ജി. എൻ. ആർ. ഇ. ജി. എസ് | 107 | 9945672 | 9945779 | 9945189 | 590 | 99.99 |
| ഐ.സി.ഡി. എസ്. കേന്ദ്രവിഹിതം | 515935 | 915774 | 1431709 | 809693 | 622016 | 56.55 |
| ശുചിത്വമിഷൻ ഗ്രാന്റ് | 479320 | 0 | 479320 | 0 | 479320 | 0 |
| ഹെൽത്ത് ഗ്രാന്റ് (202) | 641625 | 281462 | 923087 | 98602 | 824485 | 10.68 |
| ഹെൽത്ത് ഗ്രാന്റ് (203) | 2805171 | 80003 | 2885174 | 0 | 2885174 | 0 |
| ഹെൽത്ത് ഗ്രാന്റ് (204) | 97331 | 451444 | 548775 | 66000 | 482775 | 12.02 |
| സ്വച്ഛ് ഭാരത് | 0 | 258000 | 258000 | 258000 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| മിഷൻ | | | | | | |
| പകർച്ചവ്യാധി നിയന്ത്രണ ഫണ്ട് | 241096 | 0 | 241096 | 0 | 241096 | 0 |
| വരൾച്ചാ ദുരിതാശ്വാസം | 100000 | 0 | 100000 | 0 | 100000 | 0 |

മെയിന്റനൻസ് ഫണ്ട്, റോഡ് റോഡിതര വിഭാഗങ്ങളിലായി ജി.ഒ. (ആർ. റ്റി) നം. 8861/2024/ധന/ 30.11.24 പ്രകാരം യഥാക്രമം 3719000 രൂപയും 997660 രൂപയും വരവുള്ളത് ഗ്രാന്റ് പത്രകയിൽ ഉൾപ്പെട്ടിട്ടില്ല.

വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി. ടി.എസ്.പി. വിഹിതങ്ങളിൽ നിന്ന് യഥാക്രമം 1133169/-രൂപ, 34339/-രൂപ 523818/-രൂപ വീതം കുറവ് ചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. കുറവ് ചെയ്ത തുകകൾ ജി.ഒ. പ്രോജക്ടുകളായി സുലേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ടി തുകകൾ ഉൾപ്പെടെയാണ് സുലേഖ സോഫ്റ്റ്‌വെയറിൽ ചേർത്തിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ ടി തുകകൾ പണമായി ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിറലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുകകൾ ഉൾപ്പെട്ടിട്ടില്ല. ഗ്രാന്റ് വിനിയോഗപത്രികയുടെ വരവ് ഭാഗത്ത് ടി വരവുകൾ ഉൾപ്പെട്ടിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ, വാർഡ്-7 വിവിധ റോഡുകളുടെ നവീകരണം (പ്രോജക്ട് നം. 58/25) എന്ന പ്രോജക്ടിന് മെയിന്റനൻസ് ഫണ്ട് റോഡ് വിഭാഗത്തിൽ നിന്നുള്ള 475390 രൂപ വകയിരുത്തലും 468491 രൂപയുടെ ചെലവും, അസിസ്റ്റന്റ് എഞ്ചിനീയർക്ക് കണ്ടിജന്റ് ചാർജ് (പ്രോജക്ട് നം. 130/25) എന്ന പ്രോജക്ടിന് മെയിന്റനൻസ് ഫണ്ട് റോഡിതര വിഭാഗത്തിൽ നിന്നുള്ള 44822 രൂപ വകയിരുത്തലും 37704 രൂപയുടെ ചെലവും, സുലേഖ ചെലവ് പത്രികയിലും ഗ്രാന്റ് പത്രികയിലും ഉൾപ്പെട്ടില്ല.

ടി അപാകതകൾ നിലനിൽക്കെയാണ് അനുബന്ധം 2 ആയിട്ടുള്ള സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടുള്ളത്.

## 1-5 പദ്ധതിഅവലോകനം.

ഗ്രാമ പഞ്ചായത്തിന്റെ 2024-25 വാർഷിക പദ്ധതിയ്ക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 19.01.2024 ലെ 2(1)-ാം നമ്പർ തീരുമാനപ്രകാരം ഭരണാനുമതി നൽകി. ജില്ലാ ആസൂത്രണസമിതിയുടെ 13.02.2025 ലെ 84898/24/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം വാർഷിക പദ്ധതിക്ക് അന്തിമാംഗീകാരം ലഭിച്ചിട്ടുണ്ട്.

വാർഷികപദ്ധതി ആസൂത്രണ പ്രക്രിയയുടെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| ഘട്ടം | തീയതി |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് പുനസംഘടന അംഗീകരിച്ച് കമ്മറ്റി തീരുമാനം | 2(1)/ 22.11.2023 |
| വർക്കിംഗ് ഗ്രൂപ്പുകൾ ചേർന്ന തീയതി | 15.12.2023 |
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 16.12.2023 മുതൽ 19.12.2023 വരെ |
| ആസൂത്രണസമിതി യോഗം | 15.12.2023 |
| വികസനസെമിനാർ | 17.1.2024 |
| ഗുണഭോക്തൃതതെരഞ്ഞെടുപ്പ് ഗ്രാമസഭകൾ | 18.10.2024മുതൽ 20.10.2024വരെ |
| ഭിന്നശേഷി ഗ്രാമസഭ | 27.12.2023 |
| ഊരുകൂട്ടം | 5.12.2023 |

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം/ ശതമാനം |
|---|---|---|---|---|---|
| 209 | 99558262 | 161 | 45038931 | 48 | 153/ 73 % |

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | ഏറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ആകെ അടങ്കൽ | തൻവർഷം തുക ചെലവഴിച്ചിട്ടുള്ള പ്രോജക്ടുകളുടെ എണ്ണം | ആകെ ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 1719412 | 10 | 1649099 |
| വെറ്റിനറി സർജൻ | 16 | 1949753 | 16 | 1642585 |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 18 | 3055394 | 12 | 1292876 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 8 | 1310503 | 5 | 1070575 |
| വി.ഇ.ഒ | 16 | 53287375 | 12 | 18488842 |

| | | | | |
|---|---|---|---|---|
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 22 | 4397096 | 20 | 2908476 |
| സെക്രട്ടറി | 45 | 6493504 | 37 | 5238299 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 57 | 24899529 | 33 | 11051399 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 80000 | 1 | 32000 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 5 | 1333183 | 5 | 784547 |
| അസിസ്റ്റന്റ് സെക്രട്ടറി | 1 | 150000 | 0 | 0 |
| ഹെഡ് മാസ്റ്റർ, ഗവ. എൽ. പി. സ്കൂൾ | 10 | 882513 | 10 | 880233 |
| ആകെ | 209 | 99558262 | 161 | 45038931 |

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ, വാർഡ്-7ലെ വിവിധ റോഡുകളുടെ നവീകരണം (പ്രോജക്ട് നം. 58/25) എന്ന പ്രോജക്റ്റിന് മെയിന്റനൻസ് ഫണ്ട് റോഡ് വിഭാഗത്തിൽ നിന്നുള്ള 475390 രൂപ വകയിരുത്തലും 468491 രൂപയുടെ ചെലവും, അസിസ്റ്റന്റ് എഞ്ചിനീയർക്ക് കണ്ടിജന്റ് ചാർജ് (പ്രോജക്ട് നം. 130/25) എന്ന പ്രോജക്ടിന് മെയിന്റനൻസ് ഫണ്ട് റോഡിതര വിഭാഗത്തിൽ നിന്നുള്ള 44822 രൂപ വകയിരുത്തലും 37704 രൂപയുടെ ചെലവും, സുലേഖ ചെലവ് പത്രികയിലും ഗ്രാന്റ് പത്രികയിലും ഉൾപ്പെട്ടില്ല.

**54 ലക്ഷം രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തു.**

2024-25 വർഷം ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ലഭ്യമായ ഗ്രാന്റു തുകകൾ പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തതിനാൽ വിവിധ ഫണ്ടിനങ്ങളിലായി ആകെ 5424827/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ബജറ്റ് വിഹിതം | ചെലവഴിച്ച തുക | സഞ്ചിത നിധിയിലേയ്ക്ക് തിരികെ ഈടാക്കിയത് |
|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 10187000 | 10176799 | 10201 |
| വികസന ഫണ്ട് (എസ്.സി.പി) | 1417000 | 594722 | 822278 |
| വികസന ഫണ്ട് (ടി.എസ്.പി) | 3832000 | 3824600 | 7400 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 11155000 | 7436000 | 3719000 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 2993000 | 2127052 | 865948 |
| ആകെ | | | 5424827 |

അംഗീകാരം കിട്ടിയ പല പ്രോജക്ടുകളും നടപ്പാക്കാതിരുന്നതും, നടപ്പിലാക്കിയവ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതുമാണ് മേൽപ്പറഞ്ഞ പ്രകാരം ഗ്രാമ പഞ്ചായത്തിന് 54 ലക്ഷത്തിലധികം രൂപ നഷ്ടമാകാനിടയായത്. വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന സർക്കാർ ധനസഹായം വിനിയോഗത്തിലെ കുറവ് മൂലം നഷ്ടമാകുന്ന സാഹചര്യം ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. എന്നിരുന്നാലും വികസന ഫണ്ട് പൊതുവിഭാഗം, ടി.എസ്.പി, എന്നിവയിൽ 99 ശതമാനം വിനിയോഗിക്കാൻ സാധിച്ചത് എടുത്തു പറയേണ്ട നേട്ടമാണ്.

. <u>നിക്ഷേപ പ്രവൃത്തികൾ- 2349518 രൂപ വിനിയോഗിക്കാതെ നിർവ്വഹണ ഏജൻസികളുടെ അക്കൗണ്ടുകളിൽ അവശേഷിക്കുന്നു.</u>

വാർഷിക കണക്ക് B18 ഷെഡ്യൂൾ പ്രകാരം ഗ്രാമപഞ്ചായത്ത് വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി മുൻ വർഷങ്ങളിലേതുൾപ്പടെ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ചിരുന്ന തുകയിൽ 2349518/- രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ച 734314/- രൂപയുടെ വിനിയോഗ വിവരവും, ഭൂജലവകുപ്പിൽ നിക്ഷേപിച്ച 1615204/- രൂപയുടെ വിനിയോഗ വിവരവുമാണ് ഇപ്രകാരം ലഭ്യമായിട്ടില്ലാത്തത്. നിർവ്വഹണ ഏജൻസികളുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ പൂർത്തീകരിച്ച് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ തുകയുടെ വിനിയോഗ വിശദാംശങ്ങളും പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രവും ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. പൂർത്തീകരണശേഷവും നിർവ്വഹണ ഏജൻസികളിൽ തുക അവശേഷിക്കുന്ന പക്ഷം ആയത് തിരികെ ഈടാക്കാൻ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**<u>മോണിറ്ററിംഗ് ഫലപ്രദമായിരുന്നില്ല</u>**

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് എല്ലാ പ്രോജക്ടുകളോടൊപ്പവും സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ടസംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## <u>1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി</u>

ഗ്രാമ പഞ്ചായത്തിലെ 13 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 161 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 123 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 118 പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. ആകെ ചെലവ് 99.45 ലക്ഷം രൂപ. 22715 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 117 തൊഴിലാളികൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ ആകെയുള്ള 72 അയൽകൂട്ടങ്ങളിൽ 72 എണ്ണവും പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. 305 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി മഴക്കുഴി നിർമ്മാണം, കയ്യാല നിർമ്മാണം, ഫാം പോണ്ട് നിർമ്മാണം തുടങ്ങിയ പ്രവൃത്തികളും റോഡ് കോൺക്രീറ്റിംഗ്, തൊഴുത്ത് നിർമ്മാണം,

ആട്ടിൻകൂട് നിർമ്മാണം, സോക്പിറ്റ്, കമ്പോസ്റ്റ് പിറ്റ് തുടങ്ങിയ ആസ്തിനിർമ്മാണ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. വാർഷിക കണക്ക് പ്രകാരമുള്ള 2024-25 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കാഷ് | 107 | 480218 | 480325 | 479735 | 590 |
| ഇ.എഫ്.എം.എസ് | 0 | 9465454 | 9465454 | 9465454 | 0 |
| ആകെ | 107 | 9945672 | 9945779 | 9945189 | 590 |

## 1-7 സാമൂഹ്യക്ഷേമ പദ്ധതികൾ

2024-25 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു (വാർഷിക കണക്കുകൾ പ്രകാരം).

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 14,594,200.00 | 948 |
| കർഷകതൊഴിലാളി പെൻഷൻ | 1,416,000.00 | 92 |
| വിധവാപെൻഷൻ | 3,956,600.00 | 264 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത വനിതകൾക്കുള്ള പെൻഷൻ | 468,800.00 | 32 |
| വികലാംഗപെൻഷൻ | 1,495,400.00 | 99 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് മേലുകാവ് ഗ്രാമപഞ്ചായത്തിന്റെ ക്യാഷ് ബാലൻസ് പരിശോധന 21.08.2025-ന് 03:00 പി എം സമയത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 21/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഓഡിറ്റ് വർഷം ILGMS സോഫ്റ്റ് വെയർ വഴിയാണ് സാമ്പത്തിക വിനിമയങ്ങൾ നടത്തിയിട്ടുള്ളത്. ഡേ ബുക്ക്, കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. രസീത് ബുക്കുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നണ്ട്. ഗ്രാമ പഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ആഭ്യന്തരനിയന്ത്രണസംവിധാനത്തിലെ പോരായ്മകൾ താഴെ ചേർക്കുന്നു.

1) വാർഷിക പദ്ധതിയുടെ ഭാഗമായി വിവിധ മേഖലകളിൽ നടപ്പാക്കുന്ന പ്രോജക്ടുകളുടെ മോണിട്ടറിംഗ് കൃത്യമായി നടത്തിയിട്ടില്ല.
2) വിവിധ വരവിനങ്ങളുടെ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല.
3) മുൻകൂർ രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാന ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.09.2022 | 2021-22 | 19.09.2022 |
| അക്കൗണ്ടന്റ്ജനറലിന്റെ ഓഡിറ്റ് | 07.05.2018 മുതൽ 18.05.2018 വരെ | 2017-18 | എൽ ബി എ (എച്ച് ക്യൂ) II/II/8A-42/2018-19/37 തീയതി 18.06.2018 |

## 1-11 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് വ്യത്യസ്ത നമ്പറുകൾ നൽകി നികുതി നിർണ്ണയിച്ചു

സഞ്ചയ വെബ് പോർട്ടൽ നികുതി അസസ്മെൻ്റ് രജിസ്റ്റർ പരിശോധിച്ചതിൽ, വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിലെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നൽകി വസ്തു നികുതി നിർണ്ണയിച്ചതായി വ്യക്തമാകുന്നു. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം, ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടങ്കിൽ മാത്രമേ, പ്രത്യേക കെട്ടിടങ്ങളായി പരിഗണിച്ച് ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ, പഞ്ചായത്തിൽ ഒരേ ഉടമസ്ഥതയിലുള്ള, വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന 100ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ ഓരോ ഭാഗത്തിനും വിവിധ നമ്പരുകൾ നൽകി, ച. മീറ്ററിന് 50/- രൂപ നിരക്കിലാണ് (വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്ന ഉപയോഗക്രമത്തിൽ) നികുതി നിർണ്ണയിക്കപ്പെട്ടിരിക്കുന്നത്. വ്യത്യസ്ത ഉപയോഗക്രമം അല്ലാതിരിക്കെ, കെട്ടിടങ്ങൾക്ക് ഇപ്രകാരം വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചത് മൂലം, ചട്ടപ്രകാരമുള്ള നികുതി തുക ഈടാക്കുവാൻ സാധിച്ചിട്ടില്ലായെന്ന് കാണുന്നു. കെട്ടിടങ്ങളുടെ നികുതി വിശദാംശങ്ങൾ ഉദാഹരണമായി ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | കെട്ടിട ഉടമയുടെ പേര് / വിലാസം | തറ വിസ്തീർണ്ണം (ച. മീ) | വസ്തു നികുതി നിർണ്ണയിച്ച തീയതി | നിലവിൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഉപയോഗക്രമം |
|---|---|---|---|---|---|
| 1) | XII/258B | മെർലി സെബാസ്റ്റ്യൻ,തടത്തിപ്ലാക്കൽ, മേലുകാവ് | 17.39 | 12/2/2025 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ |
| 2) | XII/258C | | 17.39 | | |
| 3) | XII/258D | | 25.94 | | |
| 4) | XII/258E | | 19.5 | | |
| 5) | XII/258F | | 19.35 | | |
| 6) | XII/258H | | 22.56 | | |
| | | **ആകെ** | **122.13** | | |

<u>നിർണയിക്കേണ്ട അടിസ്ഥാന വസ്തു നികുതി</u>

100 ച.മീ. മുതൽ 500 ച.മീ വരെ വാണിജ്യാവശ്യം, നികുതി നിരക്ക് -70 (ഒരു ച. മീ.)
ആകെ തറ വിസ്തീർണ്ണം – 122.13 ചി.മീ.
ആകെ നികുതി – 8549 (122.13@70) /
ഈടാക്കിയ നികുതി = 6107 (122.13@50)
നികുതിയിൽ വന്ന കുറവ് – 2442

ഇപ്രകാരം വിഭജിച്ച് നമ്പറിംഗ് നടത്തി നികുതി നിർണ്ണയിക്കപ്പെട്ടതിന്റെ സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/30-08-2025) മറുപടി ലഭ്യമായില്ല.മേൽ കെട്ടിടത്തിന്റെ വസ്തു നികുതി പുനർനിർണ്ണയിച്ച് തുക ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-12 വാണിജ്യാവശ്യത്തിനുള്ള കെട്ടിടം - കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു

പഞ്ചായത്തിലെ വസ്തുനികുതി സപ്ലിമെന്ററി അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിന് നിർമ്മിച്ചിട്ടുള്ള (വാണിജ്യാവശ്യത്തിനുള്ളവ 100 ച. മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ ) ശ്രീമതി മഞ്ജു ജോസ് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള IX/119 A,B,C,D എന്നീ നമ്പറുകൾ നൽകിയ കെട്ടിടങ്ങൾക്ക് 12/8/2024 ൽ 50 രൂപ അടിസ്ഥാന നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 26/10/23 ലെ 12(1) തീരുമാനപ്രകാരം പുതുക്കിയ വസ്തു നികുതി നിരക്ക് പ്രകാരം 55 രൂപയായിരുന്നു അടിസ്ഥാന നിരക്കായി എടുക്കേണ്ടിയിരുന്നത്. നികുതി കുറഞ്ഞ നിരക്കിൽ നിശ്ചയിച്ചതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/30-08-2025) മറുപടി ലഭ്യമായില്ല. ഈടാക്കേണ്ട വസ്തു നികുതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണം= 84.34 ച മീ
ഈടാക്കിയ വസ്തുനികുതി=4217/-(50x 84.34)
ഈടാക്കേണ്ടിയിരുന്ന വസ്തു നികുതി=4639(55x 84.34)
നികുതിയിൽ വന്ന കുറവ് =422/-

മേൽ കെട്ടിടത്തിന്റെ വസ്തു നികുതി പുനർനിർണ്ണയിച്ച് തുക ഈടാക്കി അറിയിക്കേണ്ടതും അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-13 ഒരേ റോഡ് തന്നെ വ്യത്യസ്ത തരംതിരിവുകളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6, പട്ടിക 2 (ജി.ഒ.(എം.എസ്) നം. 91/11/തസ്വഭവ തീയതി 14.02.11)പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന നികുതി നിരക്കുകളിൽ വർദ്ധനവും ഇളവും നിശ്ചയിച്ചിട്ടുണ്ട്.

| റോഡിന്റെ തരം | ബാധകമായ നിരക്ക് വ്യതിയാനം |
|---|---|
| | |

| | |
|---|---|
| 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ | 20 % നികുതി വർദ്ധനവ് |
| 1.5 മീറ്റർ മുതൽ 5 മീറ്റർ വരെ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ | നികുതി വർദ്ധനവോ ഇളവോ ഇല്ല. |
| 1.5 മീറ്ററോ അതിൽ കുറവോ വഴി സൗകര്യമുള്ള കെട്ടിടങ്ങൾ | 10 % നികുതി ഇളവ് |
| പൊതു വഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾ | 20 % നികുതി ഇളവ് |

വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് സഞ്ചയയിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ ഒരേ റോഡ് തന്നെ വ്യത്യസ്ത തരംതിരിവുകളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിന് പരിഗണിച്ചിരിക്കുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥൻ | റോഡിന്റെ പേര് | പ്രസ്തുത റോഡ് വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്ന തരം (ഫോം- 6 പ്രകാരം) |
|---|---|---|---|---|
| 1 | VI/ 148 A | മാത്യൂ ജോസഫ് | കോണിപ്പാട് വാകക്കാട് റോഡ് | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 2 | VI / 138A | വിജയൻ മാധവൻ | | 1.5 മീറ്ററിൽ താഴെ വീതിയുള്ള റോഡ് |
| 3 | VIII/ 248C | ശാന്ത ശശികുമാർ | ഈരാറ്റുപേട്ട തൊടുപുഴ റോഡ് | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 4 | VIII/ 275 A | ജസ്റ്റിൻ ആന്റണി | | 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ് |

ഇപ്രകാരം ഒരേ റോഡ് തന്നെ വ്യത്യസ്ത തരംതിരിവുകളിൽ നികുതി നിർണയത്തിന് പരിഗണിച്ചതിലൂടെ നികുതി നിർണ്ണയത്തിൽ അപാകത ഉണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/30-08-2025) മറുപടി ലഭ്യമാക്കിയില്ല. മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർനിർണ്ണയിച്ച് തുക ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-14 സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖലയുടെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നു

വസ്തു നികുതി നിർണ്ണയിക്കുന്നതിനായി 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 1 പ്രകാരം ഗ്രാമ പഞ്ചായത്തിനെ പ്രഥമം ( നികുതി വർദ്ധനവോ ഇളവോ ഇല്ല), ദ്വിതീയം (കെട്ടിടങ്ങൾക്ക് 10 % നികുതി ഇളവ്), ത്രിതീയം (കെട്ടിടങ്ങൾക്ക് 20 % നികുതി ഇളവ്) എന്നീ മേഖലകളായി തരം തിരിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയം സംബന്ധിച്ച രേഖകളും സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകളും പരിശോധിച്ചതിൽ സമീപ കെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **ഉടമയുടെ പേര്** | **കെട്ടിട നമ്പർ** | വിസ്തീർണ്ണം (ച.മീ ) | **മേഖല** | റോഡിന്റെ തരം |
|---|---|---|---|---|
| മേരി അപ്രേം | 8/138 C | 19.15 | ദ്വിതീയം | ഇടമറുക് വാകക്കാട് |
| വിനോദ് സി എം | 8/138 D | 138.76 | പ്രഥമം | |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/30-08-2025) മറുപടി ലഭ്യമാക്കിയില്ല. മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർനിർണ്ണയിച്ച് തുക ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-15 പരിഷ്കരിച്ച നിരക്കിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല.

2024-25 രണ്ടാം അർദ്ധ വർഷത്തിൽ വരുമാനാടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി പരിഷ്കരിച്ചിരുന്നു. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിച്ചുവരുന്ന താഴെ പേര് ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും പുതുക്കിയ നിരക്കിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമനം. | സ്ഥാപനം | ജീവനക്കാരുടെ വിവരം | അർദ്ധ വാർഷിക വരുമാനം | അടച്ച തുക | അടവാക്കേണ്ട തുക | അടവാക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|
| 1 | സർവ്വീസ് കോപ്പറേറ്റ് ബാങ്ക് 3183 | ശ്രീമതി ബിന്ദു മാത്യു | 30000 | 300 | 600 | 300 |
| 2 | മിനി മുത്തൂറ്റ് നിധി | ശ്രീമതി സുകന്യ എം.എസ് | 72000 | 600 | 750 | 150 |
| | | ശ്രീമതി സുമി ദിപു | 72000 | 600 | 750 | 150 |
| 3 | സി.ഡി.എസ് മേലുകാവ് | ശ്രീമതി റ്റിനി തോമസ് | 72000 | 600 | 750 | 150 |
| 4 | ക്ഷീരോല്പാദക സഹകരണ സംഘം പയസ് മൌണ്ട് | ശ്രീമതി സാന്റി മോൾ ജയിംസ് | 43000 | 450 | 600 | 150 |
| | | ശ്രീ.ഷിജോ ജോസഫ് | 28800 | 320 | 450 | 130 |
| | | | | | ആകെ | 1030/- |

പരിഷ്കരിച്ച നിരക്കിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാതിരുന്നതിന് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(4/23.08.2025) മേൽ വ്യക്തികളിൽ നിന്നും കുറവ് വന്ന നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചു. ആയതിനാൽ ഈടാക്കാൻ അവശേഷിക്കുന്ന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-16 തൊഴിൽ നികുതി - റിട്ടേണുകളിൽ അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്തിയിട്ടില്ല

സർക്കാർ ഉത്തരവ് (സാധാ) നം. 1149/2024/എൽഎസ്.ജി.ഡി തീയതി 27.06.24 പ്രകാരം 2024-25, 2-ാം അർദ്ധവർഷം മുതൽ തൊഴിൽ നികുതി സ്ലാബുകൾ പരിഷ്ക്കരിച്ചിട്ടുണ്ട്. അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് നികുതി സ്ലാബുകൾ പരിഷ്കരിച്ചത്. താഴെ പട്ടികയിൽ വിവരിക്കുന്ന ജീവനക്കാരുടെ 2024-25 രണ്ടാം അർദ്ധ വർഷ റിട്ടേണുകളിൽ വരുമാനം രേഖപ്പെടുത്താത്തിനാൽ അർദ്ധവാർഷിക വരുമാനത്തിനനുസരിച്ച് തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചില്ല.

| ക്രമ നം. | ജീവനക്കാരന്റെ പേര് | സ്ഥാപനം | അർദ്ധവർഷം |
|---|---|---|---|
| 1 | ശ്രീമതി ഷൈനി ബേബി | ക്ഷീരോല്പാദക സഹകരണ സംഘം കോലാനി | 2 ാം അർദ്ധവർഷം |
| 2 | ശ്രീമതി ജെസ്സി ദേവസ്യ | ,, | ,, |
| 3 | ശ്രീമതി രാജമ്മ യു.പി | ARD 354 | ,, |
| 4 | ശ്രീ.ജോബി മാത്യു | ARD 143 | ,, |
| 5 | ശ്രീമതി ആൻസി ജോസഫ് | ARD 183 | ,, |
| 6 | ശ്രീമതി ഷൈനി പോൾസൺ | ARD 334 | |
| 7 | ശ്രീ. വിജയൻ റ്റി.കെ | ARD 342 | ,, |

| | | | |
|---|---|---|---|
| 8 | ശ്രീ.ജോസഫ് മാത്യു | ARD 187 | ,, |
| 9 | ശ്രീ.പിറ്റി തോമസ് | ARD 361 | ,, |
| 10 | Nice Tomson | | ,, |
| 11 | ശ്രീ.ഹുസൈൻ അലി | സെന്റ്.ജോർജ്ജ് ബ്രിക്സ് ആന്റ് ടൈൽസ് | ,, |
| 12 | ശ്രീ.ഇജാദൂർ | ,, | ,, |
| 13 | ശ്രീ.ബാബൂൾ | ,, | ,, |
| 14 | ശ്രീ.ജോണി | ,, | ,, |
| 15 | ശ്രീ. വിജയകുമാർ | സെന്റ് .ആന്റണീസ് ബ്രിക്സ് | ,, |
| 16 | ശ്രീ. അനിൽ കുമാർ | ,, | ,, |
| 17 | ശ്രീ.പർദോഷ് | ,, | ,, |
| 18 | ശ്രീ.കന്ദൻ കുമാർ | ,, | ,, |
| 19 | ശ്രീ.അജോ | Blaze Indane | ,, |
| 20 | ശ്രീ.അനിൽ | ,, | ,, |
| 21 | ശ്രീ.രഞ്ജിത്ത് കെ.ആർ | ഷൈനി സാന്റി കേറ്ററിംഗ് യൂണിറ്റ് | ,, |
| 22 | ശ്രീ.രഞ്ജിത്ത് മഠത്തിപ്പറമ്പിൽ | ,, | ,, |
| 23 | ശ്രീ.സൂരജ് സുജയൻ | ,, | ,, |

അർദ്ധ വാർഷിക വരുമാനം കണക്കാക്കാതെ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതിന് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ 3/23.08.2025) മറുപടി ലഭ്യമാക്കിയില്ല. 2024-25 രണ്ടാം അർദ്ധവർഷം മുതൽ പരിഷ്കരിച്ച നിരക്കിൽ തൊഴിൽ നികുതി പ്രാബല്യത്തിൽ വന്നിട്ടുള്ളതാണ്. അർദ്ധ വാർഷിക വരുമാനം രേഖപ്പെടുത്താത്തതിനാൽ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് സംഭവിച്ചിട്ടുണ്ടോ എന്ന് കണക്കാക്കുവാൻ സാധിക്കുന്നില്ല. ആയതിനാൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വ്യക്തികളുടെ അർദ്ധ വാർഷിക വരുമാനം കൃത്യമായി കണക്കാക്കി ആയതനുസരിച്ച് തൊഴിൽനികുതി നിർണ്ണയിക്കേണ്ടതും കുറവ് സംഭവിച്ചിട്ടുണ്ടങ്കിൽ ആയത് ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

**1-17 കരാറുകാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല.**

മേലുകാവ് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വിവിധ മേഖലകളിൽ കരാർ പ്രവൃത്തികൾ ചെയ്യുന്നവരുടെ തൊഴിൽ നികുതി ചുമത്തുന്നില്ല. 2024-25 വർഷം പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിലെ മരാമത്ത് പ്രോജക്ടുകൾ ഏറ്റെടുത്ത പ്രൈം ടെക്ക് എഞ്ചിനീയറിംഗ് എന്ന സ്ഥാപനം തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്ന് കാണുന്നു. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് സാമ്പത്തിക വർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്.പ്രസ്തുത സ്ഥാപനത്തിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.9/25.08.2025) നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചു. കരാറുകാരുടെ തൊഴിൽ നികുതി അതാത് വർഷത്തെ നികുതി വരുമാനമായതിനാൽ നികുതി ഡിമാന്റ് ചെയ്യാതെയും ഒടുക്കാതെയും തുടരുന്നത് തനത് വരുമാന നഷ്ടത്തിന് ഇടയാക്കുന്നു. മേൽ സ്ഥാപനത്തിൽ നിന്നും ബാധകമായ തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

**1-18 ലൈസൻസ് ഇല്ലാതെ റിസോർട്ടുകൾ പ്രവർത്തിക്കുന്നു.**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 232-ാം വകുപ്പ്, 1996 ലെ കേരളപഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം 3 എന്നിവ പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് ഇല്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുവാൻ പാടുള്ളതല്ല. ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയത്തിനുള്ള സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം റിസോർട്ടുകൾ എന്ന ഉപയോഗക്രമത്തിൽപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ള താഴെപ്പറയുന്ന കെട്ടിടങ്ങൾ ലൈസൻസ് എടുത്തതായി രേഖകളില്ല.

| ക്രമ നം. | കെട്ടിടം | കെട്ടിട ഉടമയുടെ പേര് | ഉപയോഗക്രമം |
|---|---|---|---|
| 1 | 246/A,B,C Ward IX | ജോബി ജോസഫ് | റിസോർട്ടുകൾ |

ഇപ്രകാരം ലൈസൻസില്ലാതെ റിസോർട്ടുകൾ പ്രവർത്തിക്കുന്നതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/30.08.2025) മറുപടി ലഭ്യമാക്കിയില്ല. തനത് വരുമാനം വളരെ കുറവായ സാഹചര്യത്തിൽ ലഭ്യമായ സ്രോതസ്സുകളിൽ നിന്ന് പഞ്ചായത്തിന് അർഹതപ്പെട്ട ഫീസ് ഈടാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

**1-19 അപകടകരമായി നിന്നിരുന്ന മരം മുറിച്ചതിന്റെ ചെലവ് ഈടാക്കിയില്ല**

ഗ്രാമപഞ്ചായത്തിലെ അഞ്ചാം വാർഡിലെ ശ്രീ എം എം രാജപ്പൻ മരോട്ടിക്കൽ എന്ന വ്യക്തിയുടെ വീടിന് ശ്രീ സെബാസ്റ്റ്യൻ ദേവസ്യ എന്നയാളുടെ സ്ഥലത്തെ മരങ്ങൾ ഭീഷണിയാണെന്ന് ഗ്രാമപഞ്ചായത്തിൽ പരാതി ലഭിച്ചിരുന്നു. ഉടമസ്ഥൻ മരങ്ങൾ മുറിക്കാത്തതിനെ തുടർന്ന് വൗച്ചർ നമ്പർ 22400275/17.08.24 പ്രകാരം 15000 രൂപ ചെലവഴിച്ച് മരങ്ങൾ ഗ്രാമപഞ്ചായത്ത് മുറിച്ച് മാറ്റി. മരങ്ങൾ മുറിക്കാനുള്ള ചെലവ് സ്ഥല ഉടമയിൽ നിന്ന് ഈടാക്കേണ്ടിയിരുന്നു. ഇതിനായി സ്വീകരിച്ച തുടർ നടപടികൾ വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/25-08-2025) മറുപടിയായി തുക അടയ്ക്കാൻ സ്ഥല ഉടമയ്ക്ക് കത്ത് നൽകിയിരുന്നെന്നും തുക അടയ്ക്കാൻ തയ്യാറാവാത്തതിനാൽ റവന്യു റിക്കവറി നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും അറിയിച്ചു. തുടർ നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

**1-20 ഇലക്ട്രിക്കൽ ലൈൻ മാറ്റി സ്ഥാപിക്കൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല**

മേലുകാവ് എം സി എഫിന് മുന്നിലുള്ള ഇലക്ട്രിക്കൽ ലൈൻ മാറ്റി സ്ഥാപിക്കുന്നതിനായി ലഭിച്ച എസ്റ്റിമേറ്റ് പ്രകാരം 7934/-രൂപ തനത്ഫണ്ടിൽ നിന്ന് (വൗച്ചർ നമ്പർ- 22400085/17.05.24/, ചെക്ക് നം-978123/16.05.24) , ഈരാറ്റുപേട്ട ഇലക്ട്രിക്കൽ സെക്ഷനിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. മുൻവർഷം നൽകിയ 18126 രൂപ ഉൾപ്പെടെ ആകെ 26060 രൂപ നിക്ഷേപിച്ചിട്ടുണ്ട്. പ്രവർത്തി പൂർത്തികരിച്ചിട്ടുണ്ടങ്കിൽ ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/25-08-2025) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ തൻവർഷം ചെലവഴിച്ച 7934/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-21 നിർവ്വഹണ ഏജൻസികളിൽ നിലനിൽക്കുന്ന 23.57 ലക്ഷം രൂപയുടെ നിക്ഷേപ പ്രവൃത്തികൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു.**

2024-25 സാമ്പത്തിക വർഷത്തിനു മുൻപുള്ള കാലയളവിൽ കെ.എസ്.ഇ.ബി, ഭൂജലവകുപ്പ് എന്നീ ഏജൻസികളിൽ നിക്ഷേപിച്ചിരുന്ന 2357258/- രൂപ നിലവിലും ക്രമീകരിക്കാതെ അവശേഷിക്കുന്നു. 10-03-2023 ലെ സ.ഉ.(കൈ) നം.45/2023/ധന ഉത്തരവിൽ നിർവ്വഹണ ഏജൻസികൾ മുഖേന നിർവ്വഹിക്കുന്ന നിക്ഷേപ പ്രവൃത്തികൾ തുക നിക്ഷേപിക്കുന്ന സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കണമെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ധനകാര്യ പത്രിക പ്രകാരം 01-04-2024 ലെ മുന്നിരിപ്പായുള്ള ഏജൻസികളിലെ നിക്ഷേപം ചുവടെ ചേർക്കുന്നു.

| ഏജൻസി | മുന്നിരിപ്പ് നിക്ഷേപം |
|---|---|
| KSEB Ltd. | 726,380/- |
| ഭൂജല വകുപ്പ് (GWD). | 1,630,878/- |
| **2024-25 ലെ മുന്നിരിപ്പ്** | 2357258/- |

തൻവർഷം ഭൂജല വകുപ്പിൽ (GWD) നിക്ഷേപിച്ചിരുന്ന തുകയിൽ നിന്നും 15674 രൂപ ക്രമീകരിച്ചതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വിശദാംശങ്ങളില്ല. രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഭൂജല വകുപ്പിൽ 2018-19 മുതൽ വിവിധ പ്രോജക്ടുകളിലായി നിക്ഷേപിച്ചിട്ടുള്ള തുകകളും KSEB Ltd. ൽ 2021-22 മുതൽ വിവിധ പ്രോജക്ടുകളിലായി നിക്ഷേപിച്ചിട്ടുള്ള തുകകളും ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നു. നാളിതുവരെയായി പ്രസ്തുത പ്രവൃത്തികൾ നിരീക്ഷിച്ച് പൂർത്തികരിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാതെയും ക്രമീകരിക്കാതെയും തുടരുന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (2/23.8.25) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തികളുടെ പുരോഗതി പരിശോധിച്ച് പൂർത്തിയാക്കാൻ നടപടികൾ സ്വീകരിക്കുകയും ഏജൻസികളിൽ നിന്ന് ധന വിനിയോഗവിവരവും പ്രോജക്ട് ലക്ഷ്യപ്രാപ്തിയുടെ വിവരവും ലഭ്യമാക്കിയ ശേഷം നിക്ഷേപങ്ങൾ ആസ്തി അല്ലെങ്കിൽ ചെലവായി വാർഷിക ധനകാര്യപത്രികയിൽ ക്രമീകരിക്കാവുന്നതാണ്. നിർവഹണ ഏജൻസികൾ പ്രവൃത്തി പൂർത്തിയാക്കാത്ത സാഹചര്യമുണ്ടെങ്കിൽ തുക തിരികെ ലഭ്യമാകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും മറുപടി രേഖകൾ സഹിതം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

**1-22 റോഡിതര മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ആവർത്തനചെലവുകൾ- നടപടി സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധം**

| പ്രോജക്ട് നം. /പേര് | 165/25, തെരുവുവിളക്കുകളുടെ |
|---|---|

| | |
|---|---|
| | വൈദ്യുതിചാർജ്ജ് അടവാക്കൽ |
| അടങ്കൽ തുക | 264441/- (റോഡിതര മെയിന്റനൻസ് ഗ്രാന്റ്) |
| ചെലവ് തുക, ബിൽ നം., തീയതി | 264441/- (റോഡിതര മെയിന്റനൻസ് ഗ്രാന്റ്), 73/20.6.24 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ഗ്രാമ പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് അടവാക്കുന്നതിന് മേൽ പ്രോജക്ട് പ്രകാരം 264441/- രൂപ മെയിന്റനൻസ് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ മെയിന്റനൻസ് ഫണ്ട് വിനിയോഗം സംബന്ധിച്ച പരിഷ്കരിച്ച മാർഗരേഖ ജി.ഒ.(എം.എസ്.)നം. 90/2023 തീയതി 09-04-2023 നമ്പർ ഉത്തരവ് പ്രകാരം സർക്കാർ വിശദ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടേതല്ലാത്ത ആവർത്തന ചെലവുകൾക്ക് റോഡിതര മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കരുതെന്ന മാർഗ്ഗരേഖയിലെ വ്യവസ്ഥയ്ക്ക് വിരുദ്ധമായി പ്രോജക്ട് തയ്യാറാക്കി ചെലവ് നടത്തിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/29.8.25) മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടേതല്ലാത്ത ആവർത്തന ചെലവുകൾക്ക് റോഡിതര മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച് പ്രോജക്റ്റ് തയ്യാറാക്കി തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല. അപാകത ആവർത്തിയ്ക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതും മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം സർക്കാർ ഉത്തരവുകൾക്ക് അനുസൃതമായിരിക്കാൻ ശ്രദ്ധ പുലർത്തേണ്ടതുമാണ്.

### 1-23 ആശ്രയഫണ്ട് ചലഞ്ച് ഫണ്ടായി 13.66 ലക്ഷം രൂപ നിലനിൽക്കെ ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ചു.

| | |
|---|---|
| പ്രോജക്ട് നം./പേര് | 163/25, ആശ്രയ |
| അടങ്കൽ തുക | 158575/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ചെലവ് തുക | 42517/- ബിൽ നം 163/25-11-24 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

കേരള ഗ്രാമീൺ ബാങ്കിൽ കുടുംബശ്രീ ആശ്രയ ചലഞ്ച് ഫണ്ട് അക്കൗണ്ടിൽ (അക്കൗണ്ട് നം 40626101044898) 31-3-24 തീയതിയിൽ 1366718/- രൂപ ബാലൻസ് നിൽക്കുമ്പോൾ ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് ഭക്ഷണസാധനങ്ങൾ വാങ്ങിയത് ക്രമപ്രകാരമല്ല. ആശ്രയ ഗുണഭോക്താക്കൾക്ക് ഭക്ഷണവിതരണം കാര്യക്ഷമമാക്കുന്നതിന് അനുവദിച്ച ചലഞ്ച് ഫണ്ട് പ്രസ്തുത ആവശ്യത്തിന് വിനിയോഗിക്കാതെ ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/29.8.25) മറുപടി ലഭ്യമാക്കിയില്ല. കുടുംബശ്രീ ആശ്രയ ചലഞ്ച് ഫണ്ട് അക്കൗണ്ടിലെ തുക തുടർ വർഷങ്ങളിൽ നിശ്ചിത ആവശ്യത്തിന് വേണ്ടി വിനിയോഗിക്കേണ്ടതാണ്.

### 1-24 ഹരിത കർമ്മ സേന -സെഗ്രിഗേറ്റഡ് വേസ്റ്റിന് വരുമാനം ലഭിക്കുന്നില്ല

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യങ്ങൾ ഹരിതകർമ്മസേന ശേഖരിച്ച് ക്ലീൻ കേരള കമ്പനി വഴി നീക്കം ചെയ്യുന്നുണ്ട്. തൻവർഷം പ്ലാസ്റ്റിക് മാലിന്യങ്ങൾ ഒഴിവാക്കുന്നതിനായി ക്ലീൻ കേരള കമ്പനിയ്ക്ക് തുക അടവാക്കൽ പ്രോജക്ടുകൾ പ്രകാരം 252300/- രൂപ ക്ലീൻ കേരള കമ്പനിയ്ക്ക് നൽകിയിട്ടുണ്ട്. [ചെലവു വിവരം- ബിൽ നം. 98/10.7.24 രൂപ134600/-, ബിൽ നം. 172/11.12.24 രൂപ 65100/- (പ്രോജക്ട് നമ്പർ 7/25), ബിൽ നം. 44/16.5.24 രൂപ14150/-, ബിൽ നം. 46/16.5.24 രൂപ 38450/- (പ്രോജക്ട് നമ്പർ 144/25)]. സെഗ്രിഗേറ്റഡ് വേസ്റ്റിന് തുകകൾ നാളിതു വരെ പഞ്ചായത്തിന് ലഭ്യമായിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/29.8.25) മറുപടി ലഭ്യമാക്കിയില്ല. എം.സി.എഫിൽ ബെയിലിംഗ് മെഷിൻ, കൺവേയർ ബെൽറ്റ്, സോർട്ടിംഗ് ടേബിൾ ഉൾപ്പെടെ ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച് സെഗ്രിഗേഷനാവശ്യമായ സംവിധാനങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിലും അജൈവ മാലിന്യം കൊണ്ടു പോകുന്നതിന് ക്ലീൻ കേരള കമ്പനിയ്ക്ക് തുക കൊടുക്കേണ്ടി വരുന്നതല്ലാതെ ഹരിത കർമ്മ സേന അക്കൗണ്ടിലേക്ക് വരവുകളൊന്നും ലഭ്യമാകുന്നില്ല. ഹരിത കർമ്മ സേനയുടെ വരുമാന വർദ്ധനവിന് ഉതകുന്ന വിധം ക്ലീൻ കേരള കമ്പനിയുമായോ അല്ലാത്ത പക്ഷം മറ്റ് കമ്പനികളെയോ കണ്ടെത്തി കരാറിലേർപ്പെട്ട് സെഗ്രിഗേറ്റ് ചെയ്ത ഓരോ ഇനത്തിനും വരുമാനം ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-25 അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഇൻഷ്വറൻസ് രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ രേഖകളിലെ വ്യവസ്ഥകൾ പ്രകാരം കരാറുകാരൻ പ്രവൃത്തിയ്ക്ക് 200000/- രൂപയുടെ ഇൻഷുറൻസ് എടുക്കണമെന്നും പ്രവൃത്തി തുടങ്ങി 15 ദിവസത്തിനകം ആയത് അസിസ്റ്റന്റ് എഞ്ചിനീയർക്ക് സമർപ്പിക്കണമെന്നും സെലക്ഷൻ നോട്ടീസിലെ 6-ാം നമ്പർ വ്യവസ്ഥയിൽ പറയുന്നു. ഇൻഷുറൻസ് രേഖകൾ സമർപ്പിക്കാത്ത പക്ഷം കരാർ തുകയുടെ 0.2% ബിൽ തുകയിൽ നിന്നും കുറവ് ചെയ്യുന്നതാണെന്നും വ്യവസ്ഥ ചെയ്തിരുന്നു. മേലുകാവ് ഗ്രാമ പഞ്ചായത്തിൽ 2024-25 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ താഴെ ചേർക്കുന്ന പ്രവൃത്തികളിൽ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കരാർ തുകയുടെ 0.2% ബില്ലിൽ നിന്നും കുറവ് ചെയ്തതായും കാണുന്നില്ല.

| ക്രമ നം | പ്രോജക്ട് നം/ പേര് | കരാർ തുക | ഈടാക്കേണ്ടിയിരുന്ന ഫൈൻ (0.2% ) | കരാറുകാരൻ |
|---|---|---|---|---|
| 1 | 214/25 പെരിങ്ങാലി വന്തിരിക്കല്ലേൽ കോളനി കോലാനിത്തോട്ടം | 275475 | 551 | പ്രൈം ടെക് എൻജിനീയറിംഗ് (ഷിജി റെനി) |

| | | | | |
|---|---|---|---|---|
| | റോഡ് നവീകരണം | | | |
| 2 | 187/25 കല്ലുവെട്ടം ചോറ്റക്കര റോഡ് പുനരുദ്ധാരണവും സംരക്ഷണഭിത്തി നിർമ്മാണവും | 258722 | 517 | ഡെന്നി ജോസ് |
| | ആകെ | | 1068 | |

മേൽ പ്രവൃത്തികൾ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണെന്നും അല്ലാത്തപക്ഷം കരാർ തുകയുടെ 0.2% ബില്ലിൽ നിന്നും കുറവ് ചെയ്യാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നും ആവശ്യപ്പെട്ട് നൽകിയ 22/30.8.25-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഇൻഷുറൻസ് രേഖകൾ ഹാജരാക്കാത്ത കരാറുകാരുടെ ബില്ലിൽ നിന്നും കരാർ തുകയുടെ 0.2% പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. എല്ലാ കരാറുകാരും നിയമാനുസൃത ടെണ്ടർ നടപടികൾ പാലിച്ചാണ് പ്രവൃത്തികൾ ചെയ്യുന്നതെന്നും ആവശ്യമായ എല്ലാ രേഖകളും ഹാജരാക്കുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.

**1-26 ടേക്ക് എ ബ്രേക്ക് നിർമ്മാണം- ആരംഭിച്ചിട്ടില്ല**

പ്രോജക്ട് നം. 186/25
അടങ്കൽ- 537715 രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ചെലവ്- 468728 രൂപ ( 410153 രൂപ- ബിൽ നം. 429/ 22.1.25, 58575 രൂപ- ബിൽ നം. 432/ 23.1.25 )
നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനീയർ

മേലുകാവ് ഗ്രാമ പഞ്ചായത്തിന്റെ 2024-25 വാർഷിക പദ്ധതിയിൽ നടപ്പാക്കിയതാണ് മേൽ പ്രോജക്ട്. ഗ്രാമപഞ്ചായത്തിന്റെ 3-ാം വാർഡിൽ (ഇലവീഴാ പൂഞ്ചിറ ) കാനാൽ തോട്ട് പുറമ്പോക്കിൽ ടേക്ക് എ ബ്രേക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി സൈറ്റ് ഡവലപ് ചെയ്യുന്നതിനാണ് പ്രോജക്ട് നടപ്പാക്കിയത്. പ്രോജക്ട് പ്രകാരം ചെരിവുള്ള തോട്ട് പുറമ്പോക്ക് നിരപ്പാക്കി എടുക്കുന്നതിനായി രണ്ട് വശത്ത് പ്രബലിത കോൺക്രീറ്റ് ഉപയോഗിച്ച് സംരക്ഷണഭിത്തി നിർമ്മിച്ച് മണ്ണിട്ട് നിരപ്പാക്കിയിട്ടുണ്ട്. 29.8.25- ൽ സ്ഥലപരിശോധന നടത്തിയതിൽ ടേക്ക് എ ബ്രേക്ക് കെട്ടിടം നിർമ്മിച്ചിട്ടില്ല എന്ന് കണ്ടു. ടേക്ക് എ ബ്രേക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി തുടർ പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 23/30.8.25-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ടേക്ക് എ ബ്രേക്ക് കെട്ടിടം നിർമ്മാണം പൂർത്തിയാക്കുന്നതിന് തുടർ പ്രോജക്ടുകൾ 2025-26 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചു. കെട്ടിടം നിർമ്മാണം പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-27 വിവിധ വാർഡുകളിൽ കുടിവെള്ള പദ്ധതി- മോട്ടർ സ്ഥാപിക്കൽ- പഴയ മോട്ടറിന്റെ മൂല്യം നിർണ്ണയിച്ച് സർവ്വേറിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.**

പ്രോജക്ട് നം. 182/25
അടങ്കൽ- 992438 രൂപ ( ധനകാര്യ കമ്മീഷൻ ഗ്രാന്റ് )
ചെലവ്- 979438 രൂപ ( ബിൽ നം. 563/29.3.25 )
നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനീയർ

മേലുകാവ് ഗ്രാമ പഞ്ചായത്തിൽ 2024-25 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം നിലവിലുള്ള കുടിവെള്ള പദ്ധതിയുടെ മോട്ടർ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. പ്രോജക്ടിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റിലെ എക്സ്ട്രാ ഇനം 3 ആയി ആറാം വാർഡിലെ ഒരു കുടിവെള്ള പദ്ധതിയ്ക്ക് 12.5 HP ശേഷിയുള്ള സബ്മേഴ്സിബിൾ മോട്ടർ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ മോട്ടർ മാറ്റി സ്ഥാപിച്ചപ്പോൾ പഴയ മോട്ടറിന്റെ മൂല്യനിർണ്ണയം നടത്തി സർവ്വേ റിപ്പോർട്ട് തയ്യാറാക്കി പഞ്ചായത്തിന് കൈമാറിയതായി കാണുന്നില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 12/26.8.25-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ പഴയ മോട്ടർ പമ്പ് ഹൗസിൽ സൂക്ഷിച്ചിട്ടുണ്ടെന്നും സർവ്വേ റിപ്പോർട്ട് തയ്യാറാക്കി സെക്രട്ടറിക്ക് എത്രയും പെട്ടന്ന് കൈമാറുന്നതാണെന്നും അറിയിച്ചു. പഴയ മോട്ടർ പഞ്ചായത്തിൽ ലഭ്യമാകുന്ന മുറയ്ക്ക് മൂല്യനിർണ്ണയം നടത്തി ലേലം ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

**1-28 റോഡ് ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.**

ഗ്രാമ പഞ്ചായത്തിന്റെ 2024-25 വാർഷിക കണക്കിൽ RP4 ഷെഡ്യൂളിൽ 140200199 "Penalties And Fines- Other Penalties" എന്ന ശീർഷകത്തിൽ 169030 രൂപ വരവുണ്ട്. ഇതിൽ 59984 രൂപ, അസിസ്റ്റന്റ് എഞ്ചിനീയർ സ്പിൽ ഓവറായി നടപ്പാക്കിയ ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വിലയും അതിന്റെ ജി.എസ്.റ്റി യും തനത് ഫണ്ടിൽ ക്രഡിറ്റ് ചെയ്തിരിക്കുന്നതാണ്.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 30.10.2007 ലെ 59827/എഫ്.എം/07 നമ്പർ സർക്കുലർ പ്രകാരം കരാറുകാരുടെ ബില്ലിൽ നിന്നും ഈടാക്കുന്ന കാലിവീപ്പകളുടെ വില ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തിരികെ ഒടുക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ക്രമപ്രകാരമല്ല. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 8/25.8.25-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. കരാറുകാരുടെ ബില്ലിൽ നിന്നും ഈടാക്കി തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്ന കാലിവീപ്പകളുടെ വിലയും അതിന്റെ ജി.എസ്.റ്റി യും അതാത് ശീർഷകങ്ങളിൽ സർക്കാരിലേയ്ക്ക്/വകുപ്പിലേക്ക് ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-29 റോഡ് ടാറിംഗ് പ്രവത്തികളുടെ ബില്ലിൽ നിന്നും കാലി ബാരൽ വില കുറവ് ചെയ്ത് തനത് ഫണ്ട് അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്തത്- വിശദാംശങ്ങൾ ലഭ്യമല്ല.**

2024-25 വർഷം മേലുകാവ് ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പുതിയ റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലി ബാരൽ വില കുറവ് ചെയ്ത് സെക്രട്ടറിയുടെ പേരിലുള്ള തനത് ഫണ്ട് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിരിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം | കുറവ് ചെയ്ത ബാരൽ വില ( 18% ജി.എസ്.റ്റി ഉൾപ്പടെ ) | ഫണ്ടിനം |
|---|---|---|---|
| 1 | 59/25 വാർഡ് 8 വിവിധ റോഡുകളുടെ നവീകരണം | 6031 | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) |
| 2 | 61/25പി.എച്ച്.സി.-പട്ടികൊന്നപാറ റോഡ് റീ ടാറിംഗ് വാർഡ്-10 | 7621 | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) |
| 3 | 85/25 വടക്കുംഭാഗം-കാക്കൊമ്പ് റോഡ് റീ ടാറിംഗ് | 5044 | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) |
| 4 | 226/25ചാലമറ്റം പയസ് മൌണ്ട് റോഡ് റീ ടാറിംഗ് വാർഡ്-11 | 2324 | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) |
| 5 | 227/25 വാർഡ് 9 ലെ വിവിധ റോഡുകളുടെ പുനരുദ്ധാരണം | 5199 | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) |
| 6 | 236/25ഹെന്റി ബേക്കർ കോളേജ് റോഡ് മെയിന്റനൻസ് | 6056 | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) |
| | ആകെ | 32275 | |

മേൽ തുക ഏത് ശീർഷകത്തിലാണ് വാർഷിക കണക്കിൽ അക്കൗണ്ട് ചെയ്തിട്ടുള്ളത് എന്നും ആയത് സർക്കാരിലേക്ക് ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ഓഡിറ്റിൽ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ 7/25.8.25-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത് തനത് ഫണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ള കാലി ബാരൽ വില ഏത് ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത് എന്നും ആയത് സർക്കാരിലേക്ക് ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

**1-30 പ്രോജക്ട് വിശദാംശങ്ങൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.**

മേലുകാവ് ഗ്രാമ പഞ്ചായത്തിൽ 2024-25 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ താഴെ ചേർക്കുന്ന പ്രോജക്ടുകൾക്ക് ട്രഷറി ബിൽ ബുക്ക് പ്രകാരം ചെലവുള്ളതായി കാണുന്നു. എന്നാൽ പ്രോജക്ടിന്റെ വിശദാംശങ്ങൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

| ക്രമ നം | പ്രോജക്ട് നം/ പേര് | ചെലവ് | ബിൽ നം/ തീയതി | ഫണ്ടിനം |
|---|---|---|---|---|
| 1 | 58/25 വാർഡ്-7 വിവിധ റോഡുകളുടെ നവീകരണം | 468491 | 23/24-25/27.2.25 | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) |

| | | | | |
|---|---|---|---|---|
| 2 | 130/25 അസിസ്റ്റന്റ് എഞ്ചിനീയർക്ക് കണ്ടിജന്റ് ചാർജ് | 37704 | 4/24-25/21.5.24-9107 രൂപ, 6/24-25/5.6.24-17267 രൂപ, 12/24-25/21.6.24-4440 രൂപ, 17/24-25/6.8.24-6980 രൂപ, | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |

മേൽ പ്രോജക്റ്റുകളുടെ വിശദാംശങ്ങൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് 6/25.8.25-ാം നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. മേൽ പ്രോജക്റ്റുകളുടെ വിശദാംശങ്ങൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-31 ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കിയില്ല

ലൈഫ് ഭവന പദ്ധതിയുടെ രജിസ്റ്റർ പരിശോധിച്ചതിൽ, 2018-19 മുതൽ 2022-23 വർഷങ്ങളിൽ ആദ്യ ഗഡുക്കൾ കൈപ്പറ്റിയ ഏതാനും ഗുണഭോക്താക്കൾ നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ലായെന്ന് കാണുന്നു. രജിസ്റ്റർ പ്രകാരം ഭവന നിർമാണം പൂർത്തിയാക്കാത്തവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ആകെ കൈപ്പറ്റിയ തുക | വിഭാഗം | ഒടുവിൽ ധനസഹായം കൈപ്പറ്റിയ തീയതി |
|---|---|---|---|---|
| 1 | സെബാസ്റ്റ്യൻ/ഗ്രേസി സെബാസ്റ്റ്യൻ | 40000 | ജനറൽ | 23.10.18 |
| 2 | രാജേഷ് രാഘവൻ | 380000 | എസ് സി | 23.7.24 |
| 3 | അന്നമ്മ ജോസഫ് | 450000 | എസ് ടി | 26.6.23 |
| 4 | റസ്സൽ ജോസഫ് | 580000 | എസ് ടി | 25.3.24 |
| 5 | ജോൺ കെ.ഡി. | 550000 | എസ് ടി | 20.12.24 |
| 6 | ജോർജ് സാമുവൽ | 595000 | എസ് ടി | 25.3.25 |
| 7 | രഞ്ജിനി സി.ആർ. | 40000 | എസ്.സി. | 28.9.22 |
| 8 | മേരി ജോർജ് | 40000 | ജനറൽ | 20.12.24 |

ഭവനനിർമ്മാണത്തിനായി ആദ്യ ഗഡുക്കൾ കൈപ്പറ്റിയ ശേഷം ഭവനനിർമ്മാണം നാളിതു വരെയായി പൂർത്തിയാക്കാത്തത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (21/30.8.25) മറുപടിയായി ഭവനനിർമ്മാണം പൂർത്തിയാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണെന്നും ക്രമ നം. 1, 7, 8 എന്നിവർ ആദ്യ ഗഡു കൈപ്പറ്റിയ ശേഷം നിർമ്മാണം നടത്താത്തതിനാൽ തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നുമുള്ള മറുപടി ലഭ്യമാക്കി. ഭവനനിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നവരുടെ ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഭരണതലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. മുൻകൂർ തുക കൈപ്പറ്റിയ ശേഷം ഭവനനിർമ്മാണം ആരംഭിക്കാത്ത പക്ഷം നിയമാനുസൃത പലിശ സഹിതം തിരികെ ഈടാക്കേണ്ടതുമാണ്.

## 1-32 ഹോമിയോ മരുന്നുകൾ ഡിസ്പൻസറിക്ക് ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്റ്റിന്റെ പേര്, നം. | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ (S0077/25) |
| അടങ്കൽ തുക, ഫണ്ടിനം | 2 ലക്ഷം, സംരക്ഷണ ഗ്രാന്റ് (റോഡിതരം) |
| ചെലവ് | 2 ലക്ഷം, ബിൽ നം.150/15-10-2024 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ ഹോമിയോ |

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങുന്നതിന് ആവിഷ്ക്കരിച്ച പ്രസ്തുത പ്രോജക്ട് പ്രകാരം 2 ലക്ഷം രൂപ ഹോംകോയ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ 17401/- രൂപയുടെ മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. മരുന്നുകൾ ഡിസ്പെൻസറിയിൽ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് ഇൻവോയ്സിന്റെ പകർപ്പ് സഹിതം മറുപടി ലഭ്യമാക്കുന്നത് വരെ 17401/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-33 ആരോഗ്യമേഖലാ ഗ്രാന്റ് - അവലോകനം**

പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യമേഖലാ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 മുതൽ 2025-26 വരെയുള്ള അഞ്ച് വർഷ കാലയളവിലേക്ക് ഇന്ത്യയൊട്ടാകെ 70051 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അഞ്ച് വർഷത്തെ വിഹിതം 2968.28 കോടി രൂപയാണ്. ആരോഗ്യമേഖലാ ഗ്രാന്റിന്റെ നോഡൽ മന്ത്രാലയമായ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ് കർമ്മപദ്ധതി തയ്യാറാക്കിയിട്ടുള്ളത്. നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായ ആർദ്രം മിഷനിലൂടെ കേരളത്തിലെ പ്രാഥമിക ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനും പൊതുജനങ്ങൾക്ക് മികച്ച സേവനം നൽകുന്നതിനുമുള്ള പദ്ധതികൾ നടപ്പാക്കുന്നതിനാൽ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി ആരോഗ്യ മേഖലാ ഗ്രാന്റ് ഉപയോഗപ്പെടുത്തുക എന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.

**ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗത്തിനാധാരമായിട്ടുള്ള സർക്കാർ ഉത്തരവുകളും സർക്കുലറുകളും.**

| ക്രമ നമ്പർ | ഉത്തരവ് നമ്പർ, തീയതി |
|---|---|
| 1 | G.O(Rt) No. 2132/2022/LSGD Dated 31.08.2022 |
| 2 | G.O(Rt) No. 2156/2022/LSGD Dated 01.09.2022 |
| 3 | G.O(Rt) No. 3157/2022/LSGD Dated 21.12.2022 (നഗരപാലികാ സ്ഥാപനങ്ങൾ) |
| 4 | G.O(Rt) No. 1078/2022/LSGD Dated 20.05.2023 (നഗരപാലികാ സ്ഥാപനങ്ങൾ) |
| 5 | Circular No. FM3/138/2023/LSGD Dated 23.05.2023 |
| 6 | G.O(Rt) No. 1625/2023/LSGD Dated 09.08.2023 |

**ഗ്രാന്റ് വിനിയോഗിച്ച് നടപ്പാക്കേണ്ട വിവിധ സ്കീമുകൾ**

1. സ്കീം 1- കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുക.
2. സ്കീം 2- ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം.
3. സ്കീം 3- ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുക.
4. സ്കീം 4- ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.
5. സ്കീം 5 - നഗരപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുക.
6. സ്കീം 6 – അർബൻ ഹെൽത്ത് ആന്റ് വെൽനസ് കേന്ദ്രങ്ങൾ.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗിക്കുന്നതിന് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ടുകൾ തയ്യാറാക്കേണ്ടതും ആരോഗ്യത്തിന്റെ ചുമതലയുള്ള സ്റ്റാൻഡിംഗ് കമ്മറ്റി പരിശോധിച്ചശേഷം ഭരണസമിതി പരിഗണിച്ച് പ്രോജക്ടുകൾക്ക് അന്തിമ രൂപം നൽകേണ്ടതുമാണ്.

**ഗ്രാമപഞ്ചായത്തിന്റെ സാഹചര്യം**

മേലുകാവ് ഗ്രാമപഞ്ചായത്തിന് കീഴിൽ അലോപ്പതി - 2, ഹോമിയോപ്പതി -1, ആയുർവേദ – 1 എന്നിങ്ങനെ 4 ആരോഗ്യസ്ഥാപനങ്ങളാണുള്ളത്. 2021-22 വർഷം മുതൽ 2024-25 വർഷം വരെ പഞ്ചായത്തിന് അനുവദിച്ചതും ചെലവഴിച്ചതുമായ ഹെൽത്ത് ഗ്രാന്റിന്റെ വിവരം ചുവടെ ചേർക്കുന്നു. (അനുവദിച്ച ഫണ്ടുകളിൽ ചിലത് തൊട്ടടുത്ത സാമ്പത്തിക വർഷമാണ് ക്രെഡിറ്റ് ആയിട്ടുള്ളത്)

സ്കീം 1

| കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ സഹായം | | 2021-22 | 2022-23 | 2023-24 | 2024-25 | ആകെ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | വരവ് | | 2775000 | - | - | 2775000 |
| | ചെലവ് | | | | 0 | 0 |
| | നീക്കിയിരിപ്പ് | | | | | 2775000 |

സ്കീം 3

| രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | | 2021-22 | 2022-23 | 2023-24 | 2024-25 | ആകെ |
|---|---|---|---|---|---|---|
| | വരവ് | 206161 | 629000 | 263000 | | 1098161 |
| | ചെലവ് | | | 206161 | 98602 | 304763 |
| | നീക്കിയിരിപ്പ് | | | | | 793398 |

സ്കീം 4

| കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആൻഡ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | | 2021-22 | 2022-23 | 2023-24 | 2024-25 | ആകെ |
|---|---|---|---|---|---|---|
| | വരവ് | 110000 | 282000 | 448000 | | 840000 |
| | ചെലവ് | | | 300048 | 66000 | 366048 |
| | നീക്കിയിരിപ്പ് | | | | | 473952 |

(പലിശ ഒഴികെയുള്ള ഫണ്ട് നീക്കിയിരിപ്പാണ് മേൽ ചേർത്തിട്ടുള്ളത്)

2022-23, 2023-24 സാമ്പത്തിക വർഷത്തെ ഹെൽത്ത് ഗ്രാന്റ് അനുവദിച്ചു കിട്ടിയത് പൂർണ്ണമായി ചെലവഴിച്ചിട്ടില്ല. 2025-26 സാമ്പത്തിക വർഷം പ്രോജക്ടുകൾ ആവിഷ്കരിച്ച് തുക ചെലവഴിച്ചു വരുന്നുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി പുതിയ സാമൂഹ്യാരോഗ്യ ഉപകേന്ദ്രത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു. സ്കീം 3, സ്കീം 4 എന്നിവയിലുൾപ്പെടുത്തി സാമൂഹ്യാരോഗ്യ കേന്ദ്രത്തിനും സബ്സെന്ററുകൾക്കുമായി വാങ്ങിയ ആശുപത്രി ഉപകരണങ്ങൾ /ഫർണ്ണിച്ചർ എന്നിവ കൃത്യമായി വിതരണം ചെയ്തിട്ടുണ്ട്.
ഗ്രാന്റ് തുകയുടെ വിനിയോഗത്തിനായി കേരള ഗ്രാമീൺ ബാങ്ക് മേലുകാവ് ശാഖയിൽ താഴെപറയും പ്രകാരം മൂന്ന് അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ട്.

| ഇനം | അക്കൗണ്ട് നം |
|---|---|
| ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 40626101053957 |
| ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | 40626101053975 |
| കെട്ടിടങ്ങളില്ലാത്ത സാമൂഹ്യരോഗ്യ കേന്ദ്രങ്ങൾക്കും ഉപകേന്ദ്രങ്ങൾക്കും | 40626101053966 |

| | |
|---|---|
| കെട്ടിടം നിർമ്മിക്കുവാൻ സഹായം | |

സ്കീം 3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, സ്കീം 4 ഗ്രാമപ്രദേശങ്ങളിലെ സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ എന്നിവ പ്രകാരം ലഭ്യമായ ഗ്രാന്റ് അതാത് പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചുവരുന്നു. അതാത് സ്കീമുകളുടെ പ്രവർത്തനങ്ങൾക്കായി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരമുള്ള നിർവ്വഹണ ഉദ്യോഗസ്ഥരാണ് ഗ്രാന്റ് തുകയുടെ വിനിയോഗം നിർവ്വഹിക്കുന്നത്. രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ എന്നിവ മെഡിക്കൽ ഓഫീസർ തന്നെയാണ് നിർവ്വഹിക്കുന്നത്. സാമൂഹ്യാരോഗ്യ കേന്ദ്രം പുതിയ കെട്ടിട നിർമ്മാണം അസിസ്റ്റന്റ് എഞ്ചിനീയറാണ് (LID & EW) നിർവ്വഹിക്കുന്നത്. ഈയിനത്തിൽ 2025-26 സാമ്പത്തിക വർഷം 1677066 രൂപ ചെലവഴിച്ചിട്ടുണ്ട്. ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയും ഹെൽത്ത് ഗ്രാന്റ് സംബന്ധമായ പ്രോജക്ടുകളുടെ പുരോഗതി വിലയിരുത്തുകയും ഇടപെടലുകൾ നടത്തുകയും ചെയ്യുന്നുണ്ട്.

ആരോഗ്യസ്ഥാപനങ്ങളിലെ ജീവനക്കാർ, ആരോഗ്യപ്രവർത്തകർ, ആശമാർ എന്നിവർക്ക് സ്കീം 3 പ്രകാരം പരിശീലനം നൽകിയിട്ടുണ്ട്. സ്കീം 4 നിർദ്ദേശിക്കും പ്രകാരം ആരോഗ്യസ്ഥാപനങ്ങളിൽ നിന്നും നൽകുവാൻ ഉദ്ദേശിച്ചിട്ടുള്ള സേവനങ്ങളുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കിടയിൽ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

ഹെൽത്ത് ഗ്രാന്റിനത്തിൽ ഓരോ സ്കീമിലെയും പാസ് ബുക്ക് പ്രകാരം 31.3.25 ൽ ചെലവഴിക്കാൻ അവശേഷിക്കുന്ന തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

1) സ്കീം 1 – 2885174

2) സ്കീം 3 – 824485/-

3) സ്കീം 4 – 482775/-

മേൽ തുകകളിൽ അക്കൗണ്ടുകളിൽ ലഭ്യമായ പലിശയും ഉൾപ്പെടുന്നുണ്ട്.

ആരോഗ്യ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും രോഗ നിർണ്ണയ, രോഗപ്രതിരോധ സൗകര്യങ്ങളുടെ വർദ്ധനവും ഉറപ്പാക്കുന്നതിനാണ് പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. മേൽ ഗ്രാന്റുകളുടെ കൃത്യവും സമയബന്ധിതവുമായ വിനിയോഗത്തിന് ഭരണസമിതി പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. മൂന്ന് സ്കീമുകളിലുമായി ആകെ 41.92 ലക്ഷം രൂപ നിലവിൽ അവശേഷിക്കുന്നുണ്ട്. ടി തുക വകയിരുത്തി പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയും നിലവിലുള്ള പൂർത്തീകരിക്കുകയും ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-34 ജൽജീവൻ പദ്ധതി - അവലോകനം**

സംസ്ഥാനത്തെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും ശുദ്ധീകരിച്ച കുടിവെള്ളം ലഭ്യമാക്കുന്നതിനു കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ജലജീവൻമിഷൻ. ഗ്രാമപഞ്ചായത്തിലെ എല്ലാ വീടുകളിലും സ്ഥിരമായി ന്യായമായ നിരക്കിൽ ശുദ്ധമായ കുടിവെള്ളം പ്രവർത്തനക്ഷമമായ ടാപ്പിലൂടെ നൽകി ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക എന്നതാണ് ജലജീവൻമിഷൻ ലക്ഷ്യം വയ്ക്കുന്നത്. ജലജീവൻ പദ്ധതിക്കായി പഞ്ചായത്ത് ആവിഷ്കരിച്ച പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | പ്രോജക്ടിന്റെ പേര്/നം. | അടങ്കൽ | ചെലവ് |
|---|---|---|---|
| 2025-26 | S0168/25-26 ജൽജീവൻ മിഷൻ പദ്ധതി - സ്ഥലം വാങ്ങൽ | 400000 | - |

ജൽജീവൻ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് മേലുകാവ് ഗ്രാമപഞ്ചായത്ത് നിലവിൽ സ്ഥാപനവിഹിതവും ഗുണഭോക്തൃവിഹിതവും അടവാക്കിയിട്ടില്ല. മുൻ വർഷങ്ങളിൽ പദ്ധതിക്കായി തുക വകയിരുത്താത്തതിന്റെ കാരണം തനത് ഫണ്ടിന്റെ അപര്യാപ്തതയും, ലഭ്യമാകുന്ന പദ്ധതി വിഹിതങ്ങളുടെ കുറവുമാണെന്ന് അറിയിച്ചു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

**4-1 മെഡിസെപ് -പ്രീമിയം ഒടുക്ക് വിവരങ്ങൾ**

മെഡിസെപ്പ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

| ഓഡിറ്റ് വർഷത്തിലെ | മെഡിസെപ്പ് പ്രീമിയം | മെഡിസെപ്പ് പ്രീമിയം | ഒടുക്കാൻ ബാക്കി | റിമാർക്ക്സ് |
|---|---|---|---|---|

| ജീവനക്കാരുടെ എണ്ണം* | ഇനത്തിൽ ഈടാക്കിയ തുക | ഇനത്തിൽ ഒടുക്കിയ തുക | നിൽക്കുന്ന തുക | |
|---|---|---|---|---|
| 13 | 78000 | 78000 | ഇല്ല | - |

*01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പടെ)** | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| ഇല്ല | | | | | |

മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|
| ഇല്ല | | | | |

മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| ഇല്ല | | | | | |

### 4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ ലഭിച്ച തീയതി | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|---|
| 2024-25 | 17.07.2025 | 21.08.2025 |

ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഗ്രാന്റിന്റെ വിനിയോഗ സാക്ഷ്യപത്രം, ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-3 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ | പ്രോജക്ടിന്റെ പേര് | ലഭിച്ച തുക | ചെലവ് |
|---|---|---|---|

| | | | |
|---|---|---|---|
| സ്ഥാപനം | | | |
| ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് | S0050/25 സ്ഥിരം കൃഷിക്ക് കൂലിചെലവ് സബ്സിഡി | 170000 | 170000 |
| ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് | S0107/25 ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 100000 | 100000 |
| ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് | S0027/25 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 24820 | 24820 |
| ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് | S0152/25 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 57318 | 57318 |
| ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് | S0036/23-24 പാലിയേറ്റീവ് കെയർ | 100000 | 100000 |
| | ആകെ | **452138** | **452138** |
| കോട്ടയം ജില്ലാ പഞ്ചായത്ത് | S0073/25 ലൈഫ് ഭവന പദ്ധതി - എസ് ടി | 278000 | 278000 |
| കോട്ടയം ജില്ലാ പഞ്ചായത്ത് | S0055/25 ലൈഫ് ഭവന പദ്ധതി - പൊതു വിഭാഗം | 380000 | 380000 |
| കോട്ടയം ജില്ലാ പഞ്ചായത്ത് | S0107/25 ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 40000 | 40000 |
| | ആകെ | **698000** | **698000** |

## 4-4 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ കെ.എസ്.ഇ.ബി ഈരാറ്റുപേട്ട- സെക്ഷനിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് തനത് ഫണ്ടിൽ നിന്ന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി ഈരാറ്റുപേട്ട-സെക്ഷൻ | മേലുകാവ് എം.സി.എഫ് ന് മുന്നിലുള്ള ഇലക്ട്രിക് ലൈൻ മാറ്റി സ്ഥാപിക്കൽ | 7934 | 0 | 7934 |

## 4-5 മൊബിലൈസേഷൻ അഡ്വാൻസ്

സാമ്പത്തിക വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല .

## 4-6 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു. വായ്പ രജിസ്റ്റർ കൃത്യമായി രേഖപ്പെടുത്തൽ വരുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം എടുത്ത | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|

| | | ബാക്കിയുണ്ടായിരുന്ന തുക | ലോൺ തുക | മുതൽ | പലിശ | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി- കെ യു അർ ഡി എഫ് സി ലോൺ | ജി ഒ (എം.എസ്) 68/2018/ എൽ എസ് ജി ഡി തീയതി 18.05.2018 | 7010619 | 5245027 | 1078126 | 0 | 11177520 |

**4-7 സ്ഥിരനിക്ഷേപങ്ങൾ**

| | |
|---|---|
| വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിര നിക്ഷേപം | 6000 |
| തൻവർഷം നിക്ഷേപിച്ചത് | 0 |
| ആകെ | 6000 |
| തൻവർഷം പിൻവലിച്ചത് | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 6000 |

സ്ഥിര നിക്ഷേപത്തിന്റെ വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല.

**4-8 ഓഡിറ്റ് റിക്കവറി**

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീത് നം. / തീയതി |
|---|---|---|---|---|
| 2022-23 | 1-23 | 14181/- | ശ്രീ.ഷാജി മാത്യു, കരാറുകാരൻ | 1240100153/22.05.24 |

**4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം**

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-2 | 2016-17 | അനുബന്ധം3 | വസ്തു നികുതി | നിയമസഭാ സമിതി പരിഗണിച്ചിട്ടില്ല |
| 2015-16 | | 2016-17 | അനുബന്ധം5 | തൊഴിൽ നികുതി | നിയമസഭാ സമിതി പരിഗണിച്ചിട്ടില്ല |
| 2020-21 | 1-13 | 2021-22 | അനുബന്ധം1 | വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളെ വിഭജിച്ച് വസ്തുനികുതി നിർണ്ണയം നടത്തുന്നത്. | നിയമസഭാ സമിതി പരിഗണിച്ചിട്ടില്ല |

**4-10 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം**

ഇല്ല.

**4-11 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (റസീറ്റ് & പേയ്മെന്റ് പ്രകാരം) | : | 3,66,52,854 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീറ്റ് & പേയ്മെന്റ് പ്രകാരം) | : | 3,43,13,891 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 25335/- |

**(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| **ഖണ്ഡിക നമ്പർ** | **തുക** | **ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും** |
|---|---|---|
| 1-20 | 7934 | ശ്രീ. അനുസചേതനൻ വി.എസ്, സെക്രട്ടറി |
| 1-32 | 17401 | ഡോ. അശ്വതി ചന്ദ്രൻ മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| ആകെ | 25335/- | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**<u>(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

ബാധകമല്ല

## <u>4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/ റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങളും ചുവടെ ചേർത്തിരിക്കുന്നു.

| **ഓഡിറ്റ് വർഷം** | **ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം** | **തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം** |
|---|---|---|
| 1992-93 | നം.കെഎസ്എ.കെടിഎം.പി14(അദാ.2022)/173(1)/2022/05.08.2022 | 1 |
| 1994-95 | നം.കെഎസ്എ.കെടിഎം.പി14(അദാ.2022)/173(2)/2022/05.08.2022 | 1 |
| 1997-98 | നം.കെഎസ്എ.കെടിഎം.പി14(അദാ.2022)/173(3)/2022/05.08.2022 | 4 |
| 1998-99 | നം.എൽ.എഫ്.കെ.പി.7/799/04/2.7.2004 | 18 |
| 1999-2000 | നം.കെഎസ്എ.കെടിഎം.പി14(അദാ.2022)/1570(1)/2022/05.08.2022 | 1 |
| 1999-2002 (പ്ലാൻ) | നം.എൽ.എഫ്.കെ.പി.7/767/03/16.12.04/30.12.04 | 13 |
| 2000-01 | നം.കെഎസ്എ.കെടിഎം.പി14(അദാ.2022)/1570(2)/2022/05.08.2022 | 1 |
| 2001-02 | നം.കെഎസ്എ.കെടിഎം.പി14(അദാ.2022)/1570(3)/2022/05.08.2022 | 1 |

| | | |
|---|---|---|
| 2003-04 | നം.കെഎസ്എ.കെടിഎം.പി14(അദാ.2022)/1570(5)/2022/05.08.2022 | 2 |
| 2005-06 | നം.കെഎസ്എ.കെടിഎം.പി14(അദാ.2022)/1570(6)/2022/05.08.2022 | 2 |
| 2006-07 | നം.കെഎസ്എ.കെടിഎം.പി14(അദാ.2022)/1570(7)/2022/05.08.2022 | 9 |
| 2007-08 | നം.എൽ.എഫ്.കെ.പി2/270/13/09.09.13 | 6 |
| 2008-09 | നം.കെഎസ്എ.കെടിഎം.പി14(അദാ.2022)/1570(8)/2022/05.08.2022 | 3 |
| 2009-10 | നം.എൽ.എഫ്.കെ.പി.2/272/13/07.05.14 | 10 |
| 2010-11, 2011-12 | നം.കെഎസ്എ.കെടിഎം.പി14(അദാ.2022)/173(4)/2022/05.08.2022 | 13 |
| 2012-13, 2013-14 | നം.കെഎസ്എ.കെടിഎം.പി14(അദാ.2022)/173(5)/2022/05.08.2022 | 7 |
| 2014-15 | നം.കെഎസ്എ.കെടിഎം.പി14/908/2024/21.10.2024 | 6 |
| 2015-16 | നം.കെഎസ്എ.കെടിഎം.പി14(അദാ.2022)/173(7)/2022/26.08.2022 | 10 |
| 2016-17 | നം.കെഎസ്എ.കെടിഎം.പി14/907/24/21.10.22 | 10 |
| 2017-18 | നം.കെഎസ്എ.കെടിഎം.പി14(അദാ.2022)/173(9)/2022/26.08.2022 | 10 |
| 2018-19 | നം.കെഎസ്എ.കെടിഎം.പി14(അദാ.2022)/173(10)/2022/05.08.2022 | 10 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി14/532/21/9.06.2022 | 12 |
| 2020-21 | നമ്പർ: കെ.എസ്.എ.-കെ.ടി.എം.പി14-679/2022/08.08.2022 | 14 |
| 2021-22 | നമ്പർ: കെ.എസ്.എ.-കെ.ടി.എം.പി14-460/2023/26.7.23 | 16 |
| 2022-23 | നമ്പർ: കെ.എസ്.എ.-കെ.ടി.എം.പി14-1538/2023/21.02.2024 | 27 |
| 2023-24 | നമ്പർ: കെ.എസ്.എ.-കെ.ടി.എം.പി14-1954/24/24.02.2025 | 30 |

**ഡെപ്യൂട്ടി ഡയറക്ടർ,**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

**Annexure-1**
**Audit Certificate**

i. I have audited the attached Financial statements approved vide resolution number 3(1) dated 3(1) dated 07-07-2025 and submitted on 17-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Melukavu Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Melukavu Grama Panchayat as on 31-03-2025

**Date: 24/10/2025** **Deputy Director**

**Kerala State Audit Department**

**Audit Report appended to the Audit Certificate of Melukavu Grama Panchayat for the Year 2024-2025.**

**1.Major Observations**

1. Details not maintained to make clear the authenticity of Panchayath general fund. Opening Balance Receipt Payment (OBRP) data of asset and liability as on 01/04/2011 is not available. Source data not available for the value of total general fund as on 31-03-2025.
2. Non Disclosure of Capital Contribution-Capital Contribution opening balance details as on 01-04-2024 are not provided by authorised register or document.
3. Non Disclosure of Assets-Assets not classified evaluated and accounted-Asset Database is not updated .

**2.Other Observations**

1. Accumulated depreciation of Roads & Bridges exceeded its category asset value as on 31-03-2025 due to the mistakes in calculating depreciation for previous years.
2. DCB of tax/non tax revenue in AFS could not reconcile with the registers.
3. The accuracy of prior period expenses could not be verified in the absence of corresponding records.
4. Finance Commission Grant balance as per B17/passbook does not match with Schedule B4
5. Advance register has not been maintained properly.
6. Deposit register has not been maintained properly.
7. Details of Investment in B12 not maintained in panchayat.
8. The previous year's balance sheet figures are not recorded as opening balance in the trial balance of the 2024-25 annual financial statement.

Deputy Director
District Office Kottayam
Kerala State Audit Department

**അനുബന്ധം-2**
**ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

കോട്ടയം ജില്ലയിലെ മേലുകാവ് ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്